

നസറാണി ആണ് കൽദായ അല്ല

(സീറോ മലബാർ സഭയെ പറ്റി)



സാധു ഇട്ടിയവിരാ

47

നസറാണി ആണ് കൽദായ അല്ല

(സീറോ മലബാർ സഭയെ പറ്റി)

സാധു ഇട്ടിയവിരാ

ന്റെ നിരോഗത
ിന്റെ രഹസ്യങ്ങ

(ദിവ്യ ജ്ഞാനം ദിവ്യശക്തി തെളിവ്)

തിരുവല്ലയിൽ മുദ്രണം

ആമുഖമായി

നമ്മുടെ സ്വാതന്ത്ര്യത്തിന്റെ ഈ സുവർണ്ണ ജൂബിലി വർഷത്തിലും, സീറോ മലബാർ സഭാംഗങ്ങളായ നമ്മൾ, സഭാപരമായ അടിമത്തത്തിലാണ് കഴിയുന്നത് എന്നത് എത്രയോ ഖേദകരമാണ്. ഏറെ സങ്കടകരമായ കാര്യം നമ്മളിൽ അനേകർക്കും ഈ അടിമത്തത്തെപ്പറ്റിയുള്ള അവബോധമില്ലെന്നുള്ളതാണ്. ആദ്യം കൈയ്ച്ചിട്ടു പിന്നീടു മധുരിക്കുന്ന നെല്ലിക്കപോലെയെയുള്ളു ഈ അടിമത്തമെന്നും, ഈ അടിമത്തവും വിധേയത്വവും നിത്യസൗഭാഗ്യത്തിന്റെ നാന്ദിയാണ് എന്നും ആണ് ഇവർ വിശ്വസിക്കുന്നത്.

അൻപതുകൊല്ലം മുമ്പ് ഒരു ജനതയെ രണ്ടായി വിഭജിച്ച വരെപ്പോലെ, ''വിഭജിച്ചു നിർത്തുന്നതിനുവേണ്ടി അവർക്കു രണ്ടു വികാരിയാത്തുകളും നമുക്കു കൊടുക്കാം'' എന്നു പറഞ്ഞ തന്ത്രശാലികളായ ശക്തികളും, നമ്മളെ ദുർബലപ്പെടുത്തി നശിപ്പിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കയാണ് എന്ന കാര്യം നമ്മളും മനസ്സിലാക്കേണ്ടിയിരിക്കുന്നു.

നിവർന്നുനിൽക്കാതെ, കുനിഞ്ഞു കൊടുക്കുന്നിടത്താണ് മറ്റുള്ളവർ നമ്മുടെ പുറത്തു കയറിയിരിക്കുക, എന്ന ബോധ്യത്തോടെ നമുക്ക് നട്ടെല്ലോടെ നിവർന്നു നിൽക്കാം. അനീതി കാണിക്കുന്നവരെ, സത്യത്തിന്റെ കവചം അണിഞ്ഞ് നമുക്ക് നേരിടാം.

ദൈവശാസ്ത്രപരമൊ, ചരിത്രപരമൊ ആയ അടിത്തറയൊന്നും ഈ ചിന്താശകലങ്ങൾക്ക് ഇല്ലായിരിക്കാം; മക്കൾക്കടുത്ത സ്നേഹത്തിന്റെ അടിത്തറയാണ് ഈ നുറുങ്ങു ചിന്തകൾക്കുള്ളത്.

നമ്മുടെ തനിമയെപ്പറ്റിയുള്ള ബോധ്യത്തിലും ദൈവമക്കൾക്കടുത്ത ആത്മാഭിമാനത്തിലും വളരുന്നതിന് ഈ ചിന്താദളങ്ങൾ ഉപകരിക്കട്ടെ എന്നാണ് എന്റെ പ്രാർത്ഥന.

സാധുഇട്ടിയവിരാ

ജീവജ്യോതി
ഇരമല്ലൂർ പി. ഒ.
കോതമംഗലം - 686 691
കേരള
15. ആഗസ്റ്റ് 1997.

ഉള്ളടക്കം

1. 'സീറോ മലബാർ സഭ' എന്ന് അറിയപ്പെടുന്നിടത്തും.
2. താമര.
3. കൽദായർക്കും മുമ്പ്.
4. ഇംഗ്ലീഷ് സംസാരിക്കുന്നിടത്തും.
5. ഈജിപ്തിലെ ഇസ്രായേൽ മക്കളെപ്പോലെ.
6. പൊക്കിൾ ബന്ധം.
7. ലത്തീൻ ക്രമത്തിൽ കുർബാന അർപ്പിക്കുന്നിടത്തും.
8. സുറിയാനിയോടുള്ള പ്രത്യേക താൽപര്യം കൊണ്ടല്ല.
9. സാഹചര്യത്തിന്റെ പേരിൽ.
10. ഫോറിൻ ഭ്രമം.
11. നമ്മൾ കുഞ്ഞുകുട്ടികളൊന്നുമല്ല.
12. ഇതോ സ്വയം ഭരണം ?
13. ഇന്നും അടിമച്ചങ്ങലയിൽ.
14. മനുഷ്യാവതാരത്തിനു നിരക്കാത്ത രീതി.
15. പൗരസ്ത്യ തിരുസംഘത്തോടുള്ള വിധേയത്വം.
16. ''നായിന്റെ മോനെ''.
17. അനുസരണം അടിമത്തമാകരുത്.
18. വിറകുവെട്ടികളും വെള്ളംകോരികളും അല്ല.
19. കുതിര കയറരുത്.
20. ബുദ്ധി പ്രക്ഷാളനം.
21. അടിമത്തം.
22. നിയമലംഘനം ചിലപ്പോൾ സുകൃതമാണ്.
23. ഭീരുക്കളാകരുത്.
24. വിഗ്രഹാരാധന വേണ്ട.
25. ദൈവനിശ്ചയത്തിനു മാർജ്ജാരവശത്തോടൊപ്പം മൂഷികവശവും ഉണ്ട്.
26. സ്വേച്ഛാധിപത്യപരം.
27. കുയിൽ കാക്കയെ അനുകരിക്കണ്ടാ.
28. സഹായിക്കുന്നു എന്നുവച്ച്.
29. അടിമപ്പെടുത്തുന്ന സഹായം.
30. അധികാരത്തിനു ഹൃദയമില്ല.
31. കണ്ണുനീരുകൊണ്ടു മാത്രമായില്ല.

ഉത്തരങ്ങൾ

1. 'സീറോമലബാർ സഭ' എന്ന് അറിയപ്പെടുന്നിടത്തും

എന്റെ ഒരു നല്ല സ്നേഹിതനായ ജോൺസന്റെ അപ്പന്റെ പേര് തോമസ് എന്നാണ്. ''പേര് ജോൺസൺ എന്നായതുകൊണ്ട്, എന്റെ ഇളയപ്പനായ ജോണിന്റെ മകനാണു ഞാൻ എന്ന് ചിലരെങ്കിലും വിചാരിച്ചെങ്കിലോ? അതിനിടയാകാതിരിക്കാൻ വേണ്ടി, എന്റെ പേര് 'തോംസൺ' എന്നാക്കിക്കളയാം'' എന്നൊന്നും ജോൺസൺ വിചാരിക്കുകയൊ, പേര് മാറ്റത്തിനുവേണ്ടി അപേക്ഷിക്കുകയോ, വേണ്ട.

ജോൺസൺ ജോൺസൺതന്നെയായിരുന്നുകൊള്ളട്ടെ.

കുറെ വർഷങ്ങൾക്കു മുമ്പ് ഇവിടെ അടുത്ത് ലില്ലിമോൾ എന്നൊരു പെൺകുട്ടി താമസിച്ചിരുന്നു. മേരി എന്നായിരുന്നു അവളുടെ അമ്മയുടെ പേര്. ''എന്റെ പേര് ലില്ലിമോൾ എന്നായിരിക്കെ, അടുത്തവീട്ടിലെ ലില്ലി ചേച്ചിയുടെ മകളാണെന്ന് ആളുകൾ എന്നെ തെറ്റിദ്ധരിക്കുകയില്ലേ? എന്റെ പേര് മേരി മോൾ എന്ന് ആയിരിക്കേണ്ടതായിരുന്നു'' എന്നൊക്കെ വിചാരിച്ച് ലില്ലിമോൾ വിഷമിച്ചിരുന്നില്ല.

'ലൂർദ് ' എന്ന് കർദ്ദിനാൾ ലൂർദു സ്വാമിയുടെ പേരിലുണ്ട്. ലൂർദിൽ ജനിച്ചതുകൊണ്ടല്ല, അദ്ദേഹത്തിന് ആ പേരുള്ളത്. അദ്ദേഹം ജനിച്ചത് പോണ്ടിച്ചേരിയിലാണ്.

അമേരിക്കൻ പ്രസിഡൻറായിരുന്നു ജോർജ്ജ് ബുഷ്. അദ്ദേഹത്തിന് ബുഷിനോട് (കുറ്റിച്ചെടിയോട്) പ്രത്യേകം ബന്ധമൊന്നുമില്ലായിരുന്നു.

നമ്മുടെ പ്രസിഡൻറായ കെ. ആർ. നാരായണന്റെയും നോവലിസ്റ്റ് ആർ. കെ. നാരായണന്റെയും പേരുകൾക്കു തമ്മിൽ വളരെ സാമ്യമുണ്ട്. എന്നു വച്ച് അവർ ഇരട്ടകളോ, ബന്ധുക്കൾ പോലുമോ അല്ല.

കർദ്ദിനാൾ സിൽവസ്ട്രീനിക്ക് ആ പേരുള്ളത് അദ്ദേഹത്തിന്റെ പൂർവ്വികൻമാർക്ക് വെള്ളിക്കട (സിൽവർ) ഉണ്ടായിരുന്നതുകൊണ്ടല്ല.

മംഗലാപുരത്തുള്ള അൽബുക്കേർക്കുമാർക്കും, ഡിസൂസാമാർക്കും, ഡികുഞ്ഞാമാർക്കും, പോർട്ടുഗലിൽ ഇങ്ങനെയുള്ള പേരുള്ളവരോട്, ഒട്ടും തന്നെയില്ല രക്തബന്ധം.

പേരുകൊണ്ട് ശിവദാസൻ ആണെങ്കിലും, ശിവന്റെ ദാസനൊ, പോയിട്ട് ശിവഭക്തനൊ ഒന്നും അല്ല, ഇപ്പോൾ കേരളത്തിലെ ധനകാര്യമന്ത്രിയായ ശിവദാസമേനോൻ.

സീറോ മലബാർ സഭയെ പറ്റിയും ഇതു തന്നെ പറയാം. സീറോ മലബാർ സഭയെന്ന് അറിയപ്പെടുന്നിടത്തും നമ്മുടെ സഭ, സിറിയായിലെ കൽദായസഭയുടെ പുത്രീസഭയല്ല.

മുമ്പ് 'നസറാണികൾ' എന്നാണ് നമ്മൾ അറിയപ്പെട്ടിരുന്നത്; പഴയ ആധാരങ്ങളിലും മറ്റും അങ്ങനെയാണ്. അടുത്ത കാലത്തായിട്ടാണ്, ഒരുപക്ഷെ ലത്തീൻ കത്തോലിക്കരിൽ നിന്നും വേർതിരിച്ചു കാണുന്നതിനുവേണ്ടി, സുറിയാനി കത്തോലിക്കർ എന്നു നമ്മൾ അറിയപ്പെട്ടു തുടങ്ങിയത്.

2. താമര

ഒരു കുളത്തിലെ വെള്ളത്തിനുമീതെ, ഇലയും പൂവുമായി നിൽക്കുന്ന താമരയുടെ വേരുകൾ വെള്ളത്തിലല്ല, വെള്ളത്തിനു താഴെ കുളത്തിന്റെ അടിയിലുള്ള ചെളിയിലാണ്.

ചിത്രശലഭത്തിന്റെ മുട്ട വിരിഞ്ഞുണ്ടാകുന്ന ലാർവ കാഴ്ചക്ക് പുഴു പോലെയാണ്. ചിത്രശലഭത്തോട് യാതൊരു സാദൃശ്യവും അതിനില്ല. എന്നാലും അത് ചിത്രശലഭത്തിന്റെ കുഞ്ഞാണ്; കാലാന്തരത്തിൽ ചിത്രശലഭം ആയിത്തീരാനുള്ളതാണ്.

കാഴ്ചയ്ക്ക് കോഴിമുട്ടയ്ക്ക് താറാവിന്റെ മുട്ടയോടാണ് കോഴിയോടുള്ളതിലേറെ സാദൃശ്യം. എന്നാലും അതിന് കോഴിയോടാണ്, താറാവിൻമുട്ടയോടുള്ളതിലും ഏറെ ബന്ധമുള്ളത്.

നമ്മുടെ സഭയിലെ ആരാധനാരീതി ഒരു കാലത്ത് കൽദായ സഭയിലേതുപോലെ ആയിരുന്നു. എങ്കിലും ഈ സാദൃശ്യത്തിന്റെ പേരിൽ, നമ്മുടെ സഭ, കൽദായസഭയുടെ ശാഖയാണെന്നോ, നമ്മുടെ ആരാധനാക്രമം അവരുടേതിന്റെ പകർപ്പായിരുന്നു എന്നോ, പറഞ്ഞുകൂടാ.

3. കൽദായർക്കും മുമ്പ്

ഒരു ഉദ്യോഗസ്ഥന്, തന്റെ മേലുദ്യോഗസ്ഥനെപ്പറ്റി സംശയിക്കത്തില്ലെങ്കിലും, തന്റെ മാതാപിതാക്കൻമാരെപ്പറ്റി സംശയിക്കാവുന്നതാണ്. ഒരു ജോലിയിൽ പ്രവേശിച്ചതിന്റെ കാര്യം ഓർക്കാവുന്ന നമുക്കൊക്കെ ജനിച്ചതിന്റെ കാര്യം ഓർക്കാൻ നിവൃത്തിയില്ല എന്നതല്ലെ സത്യം.

നമ്മുടെ മേജർ ആർച്ചുബിഷപ്പായ വിതയത്തിൽ വർക്കി പിതാവിന്, ദിവ്യരക്ഷക സഭയിൽ ചേർന്നതും, ആർച്ചു ബിഷപ്പായതും ഓർക്കാമെങ്കിലും, വിതയത്തിൽ കുടുംബാംഗമായി ജനിച്ചതിന്റെ കാര്യം ഉണ്ടോ ഓർക്കാൻ കഴിയൂ?

ഇതു പോലെ, തോമാശ്ലീഹായാണ് ഇവിടുത്തെ സഭ സ്ഥാപിച്ചതെന്നുള്ളതിനുള്ള സംശയരഹിതമായ ചരിത്ര രേഖകൾ ഇല്ലെന്നുവച്ച് നമ്മൾ കൽദായരാണ് എന്ന് ആരും പറയാതിരിക്കട്ടെ. അങ്ങനെ പറയുന്നത്, എന്റെ അപ്പന്റെ മകനായി ഞാൻ ജനിച്ചതിന്റെ ഓർമ്മ എനിക്കില്ലാതിരിക്കെ, എന്നെ എഴുത്തു പഠിപ്പിച്ച ആശാനാണ് (ആശാൻ എന്നെ എഴുത്തിനിരുത്തിയതിന്റെ ഓർമ്മ എനിക്കുണ്ട്) എന്റെ അപ്പൻ, എന്നു പറയുന്നതിനു തുല്യമായിരിക്കും.

നമ്മൾ കൽദായരല്ല; മാർതോമ്മാക്രിസ്ത്യാനികളാണ്, നമ്മൾ.

''അബ്രാഹത്തിനു മുമ്പ് ഞാനുണ്ട്'' എന്ന് നമ്മുടെ കർത്താവു തന്നെപ്പറ്റി പറഞ്ഞതുപോലെ, ''കൽദായർക്കു മുമ്പെ ഞങ്ങളുണ്ട്'' എന്നു നമുക്കു പറയാം.

വിശുദ്ധരായ പൗലോസിന്റേയും, അലോഷ്യസിന്റെയും വിൻസന്റിന്റെയും പേരുകൾ സ്വീകരിച്ചുകൊണ്ട് സിസ്റ്റർ പൗളാ, സിസ്റ്റർ അലോഷ്യാ, സിസ്റ്റർ വിൻസെൻഷ്യാ എന്നിങ്ങനെ അറിയപ്പെടുന്ന സന്യാസിനികളെ എനിക്കു നേരിട്ടറിയാം. പുരുഷൻമാരായ വിശുദ്ധരുടെ നാമധാരികൾ ആയതോടെ അവർ പുരുഷൻമാരായിത്തീർന്നിട്ടില്ല. അവരുടെ പുതിയ പേരുകൾ അവർക്ക് എത്ര ഇഷ്ടപ്പെട്ടവയാണെങ്കിൽത്തന്നെയും അവരുടെ ശരിയായ പേരുകൾ ആവുന്നില്ല താനും. സന്യാസ സഭയിൽ ചേരുന്നതിനു മുമ്പ്

അവർക്കുണ്ടായിരുന്ന, മാമ്മോദീസായുടെ നേരത്തു ലഭിച്ച പേരാണ് അവരുടെ ശരിയായ പേര്.

ഇതുപോലെ സീറോ മലബാർ സഭക്കാർ എന്നു വിവക്ഷിക്കപ്പെടുന്നിടത്തും, കൽദായരുടെ പൈതൃകത്തിനു മുമ്പ് മാർതോമ്മായുടെ പൈതൃകമുള്ളവരാണ് നമ്മൾ.

4. ഇംഗ്ലീഷു സംസാരിക്കുന്നിടത്തും

ബ്രിട്ടീഷുകാരുടെ ഭരണ കാലത്ത്, ഇംഗ്ലീഷായിരുന്നു നമ്മുടെ ഭരണ ഭാഷ. സ്വാതന്ത്ര്യത്തിനു ശേഷവും ഇംഗ്ലീഷ് നമ്മുടെ ലിങ്ക് ഭാഷയാണ്; ഇംഗ്ലീഷിനോടുള്ള താൽപര്യവും ആഭിമുഖ്യവും ഒട്ടും കുറഞ്ഞിട്ടില്ല, എന്നു തന്നെയല്ല, കൂടിയിട്ടെയുള്ളൂ.

കോളനി ഭരണം കൊണ്ടോ, ഇംഗ്ലീഷു ഭാഷയുടെ ഉപയോഗം കൊണ്ടോ, പാശ്ചാത്യരുമായുള്ള സമ്പർക്കംകൊണ്ടോ നമ്മൾ ഇംഗ്ലീഷുകാരോ, ആംഗ്ലോ ഇൻഡ്യാക്കാരു പോലുമോ ആയിത്തീർന്നിട്ടില്ല. നമ്മൾ ഇൻഡ്യാക്കാർ തന്നെയാണ്. ഇംഗ്ലീഷിൽ നന്നായി എഴുതാനും സംസാരിക്കാനും, സാധിക്കുന്നിടത്തു തന്നെയും, ആംഗ്ലോ ഇൻഡ്യാക്കാരായിട്ടു പോലും പരിഗണിക്കപ്പെടാൻ നമുക്ക് ഇഷ്ടമില്ല.

ഇതേ രീതിയിൽ, വിദേശത്തു നിന്നുള്ള മെത്രാൻമാർ നമുക്കുണ്ടായിരുന്നിടത്തും, നമ്മുടെ ആരാധനാ ഭാഷ സുറിയാനി ആയിരുന്നിടത്തും, നമ്മൾ കൽദായരായിരുന്നില്ല, മാർതോമ്മാ ക്രിസ്ത്യാനികൾ തന്നെ ആയിരുന്നു.

കുട്ടികളായിരുന്ന പ്രായത്തിൽ അമ്മമാരുടെ മുലപ്പാൽ കുടിച്ചിട്ടുള്ള നമ്മളൊക്കെ, ഇന്ന് കുടിക്കുന്നത് പശുവിൻ പാലും എരുമപ്പാലും ആണ്. ഒരു തരത്തിൽ, ഈ മൃഗങ്ങൾ നമ്മുടെ അമ്മമാരുടെ സ്ഥാനം ഏറ്റെടുത്തിരിക്കുന്നവരാണ്; അവരുടെ വികാരിമാരാണ്. എന്നാലും അവ നമ്മുടെ ശരിയായ അമ്മമാർ ആവുകയില്ല. അൻപതുകൊല്ലക്കാലം പശുവിൻ പാൽ കുടിച്ചാലും നമുക്കുണ്ടോ പശുവിനുള്ളതുപോലെ കൊമ്പ് ഉണ്ടാവുക? നമ്മുടെ അമ്മയുടെ മുഖച്ഛായ ആയിരിക്കും അപ്പോഴും നമുക്കുണ്ടായിരിക്കുക.

ഇതേ രീതിയിൽ, സുറിയാനിയിലുള്ള ആരാധനാ ക്രമം

ഇവിടെ ഉണ്ടായിരുന്ന കാലത്തും, നമ്മൾ തോമ്മാശ്ലീഹായുടെ മക്കളായിരുന്നു. അങ്ങനെയാണ് നമ്മൾ സ്വയം കണ്ടിരുന്നതും.

5. ഈജിപ്തിലെ ഇസ്രായേൽ മക്കളെപ്പോലെ

നാടിനോടും, വീടിനോടും വിടചൊല്ലി, സന്യാസസഭാംഗങ്ങളായി തീർന്നുകൊണ്ട് പുതിയ പേരും സ്വീകരിക്കുന്നതോടെ ആരും അവരുടെ മാതാപിതാക്കൻമാരുടെ മക്കളല്ലാതായി തീരുന്നില്ല. സന്യാസ സഭയിൽ ആയിരിക്കുമ്പോഴും അവർ അവരുടെ മാതാപിതാക്കൻമാരുടെ മക്കൾ തന്നെ; മാതാപിതാക്കൻമാരോടാണ്, സന്യാസസഭാധികാരികളോടുള്ളതിലേറെ അവർക്കു രൂപസാദൃശ്യമുള്ളതും.

കറുത്ത അമേരിക്കക്കാരുടെ വേരുകൾ അമേരിക്കയിലല്ല, അങ്ങകലെ ആഫ്രിക്കയിലാണ്.

റെഡ് ഇൻഡ്യാക്കാർ, അവർക്കുവേണ്ടി വെള്ളക്കാർ തിരിച്ചിട്ടിരിക്കുന്ന സ്ഥലങ്ങളിൽ താമസിക്കുന്നിടത്തും, അമേരിക്കക്കാരാണ്, ഇൻഡ്യാക്കാരല്ല.

സീറോ മലബാർ സഭയെ പറ്റിയും ഇതു തന്നെ പറയാം. ഒരു കാലത്ത് മദ്ധ്യപൂർവ്വ ദേശത്തുനിന്നും, യൂറോപ്പിൽ നിന്നും ഉള്ള മെത്രാൻമാർ നമുക്കുണ്ടായിരുന്നു. പദ്രോവാദോയുടെയും പ്രൊപ്പഗാന്താ തിരുസംഘത്തിന്റെയും ഭരണത്തിലായിരുന്നു കുറെ വർഷങ്ങളോളം നമ്മൾ. ഇന്ന് പൗരസ്ത്യ തിരുസംഘം നമുക്കു മൂക്കു കയറിടാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്.

ഈജിപ്തിലെ ഫറവോയുടെ അടിമകളായി കഴിയുന്നിടത്തും, ഇസ്രായേൽ മക്കൾ അവരുടെ തനിമ സൂക്ഷിച്ചതുപോലെ, ദൈവപരിപാലനയാൽ, നൂറ്റാണ്ടുകളിലൂടെയുള്ള പീഡനത്തിനും, അടിമത്തത്തിനും ഇടയ്ക്കും, വിശ്വാസം സംരക്ഷിക്കാനും, നമ്മുടെ തനിമനിലനിർത്താനും നമുക്കു കഴിഞ്ഞു. ദൈവത്തിനു സ്തുതിയായിരിക്കട്ടെ.

6. പൊക്കിൾ ബന്ധം

അമേരിക്കൻ പൗരത്വമുള്ളതുകൊണ്ടും, അമേരിക്കക്കാരിയെ വിവാഹം കഴിച്ചിരിക്കുന്നതുകൊണ്ടും, അമേരിക്കൻ ഇംഗ്ലീഷ് ഒഴുക്കോടെ സംസാരിക്കാൻ കഴിയുന്നതുകൊണ്ടും, മലയാളം ആകെ

മറന്നു പോയിരിക്കുന്നതുകൊണ്ടും ഒന്നും, അമേരിക്കയിൽ താമസിക്കുന്ന മലയാളി, അമേരിക്കക്കാരനാവുകയില്ല. മലയാളിത്തവും മലയാളിയുടെ രൂപഭാവവും അദ്ദേഹത്തിന് എന്നും ഉണ്ടായിരിക്കും. നൈയ്യാമികമായി അമേരിക്കക്കാരനായിരിക്കുന്നിടത്തും, മലയാളികളെ അദ്ദേഹം ഇനി വെറുക്കുന്നിടത്തും, നാട്ടിൽ വരാൻ തീരെ ഇഷ്ടമില്ലാത്തിടത്തും, മലയാളികളോടായിരിക്കും അദ്ദേഹത്തിനു പൊക്കിൾ ബന്ധം ഉണ്ടായിരിക്കുക.

'' മലയാളം എല്ലാം മറന്നുപോയിരിക്കുകയാണ്. ഇംഗ്ലീഷു മാത്രമെ അറിയാവൂ'' എന്നു ഭാവിക്കുന്ന ചില മലയാളികളുണ്ട്. വടക്കെ ഇൻഡ്യയിൽ ഇംഗ്ലീഷു പ്രൊഫസറായ ഒരു മലയാളിയെ എനിക്കറിയാം. ഒരിക്കൽ, നാട്ടിൽ വന്നപ്പോൾ, ഒരു മീറ്റിംഗിൽ പ്രസംഗിക്കേണ്ടി വന്ന അദ്ദേഹം '' ഇംഗ്ലീഷിലെ പ്രസംഗിക്കാനറിയാവൂ. പരിഭാഷപ്പെടുത്തുന്നതിന് ഒരാൾ വേണം'' എന്നു നിർബന്ധം പിടിച്ചത് നാട്ടുകാർക്ക് തീരെ ഇഷ്ടപ്പെട്ടില്ല. തന്റെ മലയാളം അത്ര മെച്ചമല്ലെങ്കിൽ തന്നെയും, മലയാളത്തിൽ പ്രസംഗിക്കാമായിരുന്നിടത്ത്, ആർക്കും മലയാളി ഇംഗ്ലീഷെന്നു പെട്ടന്നു മനസ്സിലാക്കാവുന്ന ഇംഗ്ലീഷിലാണ് അദ്ദേഹം പ്രസംഗിച്ചത്.

നമ്മുടെ ശരീരം നമ്മുടെ നാക്കിനേക്കാൾ വലുതായിരിക്കുന്നതു പോലെ, നമ്മുടെ അസ്തിത്വം നമ്മുടെ പ്രസ്താവനകളിലും വലുതാണ്.

''നമ്മൾ കൽദായരാണ്. കൽദായമാണ് നമ്മുടെ പാരമ്പര്യം'' എന്നെല്ലാം പറയുന്ന നമ്മുടെ ആൾക്കാരുടെ കാര്യം ഇതുപോലെയാണ്. ഈജിപ്തിലെ അടിമത്തത്തിന്റെ ഇരച്ചിക്കറികളെ ഓർത്തു വിലപിക്കുന്ന ഇസ്രായേൽക്കാരെപ്പോലെ, കൽദായ ആരാധനാക്രമത്തിന്റെ മനോഹാരിതയെയും വശ്യതയെയും പറ്റി ഓർത്തും പറഞ്ഞും, എഴുതിയും ഇവർ നെടുവീർപ്പിടുകയാണ്.

7. ലത്തീൻ ക്രമത്തിൽ കുർബാന അർപ്പിക്കുന്നിടത്തും

മെത്രാൻമാരും, വൈദികരും സന്യാസിനീസന്യാസികളുമായി വടക്കെ ഇൻഡ്യയിലെ ലത്തീൻ രൂപതകളിൽ സേവനം അനുഷ്ഠി

ക്കുന്ന, അനേകം സീറോ മലബാർ സഭാംഗങ്ങളുണ്ട്. ലത്തീൻ ആരാധനാ ക്രമമാണ് അവർക്കുള്ളത്. അക്കാരണം കൊണ്ട് അവർ സീറോ മലബാർ സഭാംഗങ്ങൾ അല്ലാതായി തീരുന്നില്ല. ലത്തീൻ കുർബാന അർപ്പിക്കുന്നിടത്തും, ലത്തീൻ കുർബാനയിൽ സംബന്ധിക്കുന്നിടത്തും അവർ സീറോ മലബാർ സഭാംഗങ്ങൾ തന്നെ.

ഇപ്പോഴത്തെ ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ ജോൺ പോൾ ഒന്നാമൻ മാർപ്പാപ്പയുടെ പിൻഗാമിയാണ്. എന്നുവച്ച്, ഇംഗ്ലണ്ടിൽ ഹെൻറി ഏഴാമന്റെ പിൻഗാമിയായി ഹെൻറി എട്ടാമൻ രാജാവായതു പോലെ അല്ല അദ്ദേഹം മാർപ്പാപ്പ ആയത്. പോപ്പ് ജോൺ പോൾ ഒന്നാമന്റെ മകനല്ല പോപ്പ് ജോൺ പോൾ രണ്ടാമൻ. ഇപ്പോഴത്തെ മാർപ്പാപ്പയുടെ പിതാവിന്റെ പേര് വൊയിറ്റിലാ എന്നാണ്; മുമ്പത്തെ മാർപ്പാപ്പയോടുള്ളതിലേറെ ബന്ധം ഇപ്പോഴത്തെ മാർപ്പാപ്പയ്ക്കുള്ളത് തന്റെ പിതാവിനോടാണു താനും.

ഇതുപോലെ കൽദായ മെത്രാൻമാർ ഇവിടെ ഉണ്ടായിരുന്നപ്പോഴും നമ്മുടെ ആരാധനാ ക്രമം സുറിയാനിയിലായിരുന്നിടത്തും, സീറോ മലബാർ സഭയ്ക്ക് അതിനേറതായ തനിമ ഉണ്ടായിരുന്നു.

8. സുറിയാനിയോടുള്ള പ്രത്യേക താൽപര്യം കൊണ്ടല്ല .

കേരളത്തിൽ, പ്രീഡിഗ്രിക്ക് മലയാളം എടുക്കാതെ സുറിയാനി എടുക്കുന്ന ചില വിദ്യാർത്ഥികളുണ്ട്. മലയാളത്തേക്കാൾ സുറിയാനിക്ക് പ്രത്യേക മേൻമയുള്ളതുകൊണ്ടോ, മലയാളത്തോടുള്ളതിലും ഏറെ താൽപര്യം അവർക്കു സുറിയാനിയോടുള്ളതുകൊണ്ടോ അല്ലാ, അവരിങ്ങനെ ചെയ്യുന്നത്. മലയാളത്തിലും ഹിന്ദിയിലും കിട്ടുന്നതിനെക്കാൾ കൂടുതൽ മാർക്ക് സുറിയാനിയിൽ കിട്ടും എന്നുള്ളതുകൊണ്ടാണ്, അവർ സുറിയാനി എടുക്കുന്നത്.

ഇടവക സന്ദർശനത്തിനെത്തുന്ന മെത്രാനച്ചനെ, വികാരി അച്ചൻ ആഘോഷമായി സ്വീകരിക്കുന്നു. എന്നാൽ തന്നെ കാണാൻ വരുന്ന സ്വന്തം പിതാവിന്, വികാരി അച്ചൻ അങ്ങനെയുള്ള സ്വീകരണം ഒന്നും കൊടുക്കാറില്ല. അത്, വികാരിയച്ചന്, സ്വന്തം അപ്പനോടുള്ളതിലും ഏറെ സ്നേഹം മെത്രാനച്ചനോടുള്ളതുകൊണ്ടല്ല; മെത്രാനച്ചനെ ആഘോഷമായി സ്വീകരിക്കുന്നിടത്തും, സ്വന്തം അപ്പനോടാണ്

വികാരി അച്ചന് കൂടുതൽ സ്നേഹവും താൽപര്യവും ഉള്ളത്.

സീറോ മലബാർ സഭയിൽ നമ്മടെ പൂർവ്വികൻമാർ ആരാധനാ ഭാഷയായി സുറിയാനി സ്വീകരിക്കാനിടയായത് ഈ ദൃശ കാരണങ്ങളാലാണ്. ആരംഭം മുതലേ, സുറിയാനിയിൽ ആയിരുന്നില്ല നമ്മുടെ ആരാധന. ഒരു കാലത്ത്, ചില പരിഗണനകൾ കാരണം, സുറിയാനി നമ്മുടെ ആരാധനാഭാഷയായി തീർന്നു എന്നെയുള്ളൂ.

9. സാഹചര്യത്തിന്റെ പേരിൽ

കേരളത്തിൽ നമ്മുടെ മാതൃഭാഷ മലയാളം ആണെങ്കിൽ തന്നെയും, നമ്മളിൽ അധികം പേരും ഒപ്പിടുന്നത് ഇംഗ്ലീഷിലാണ്. ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകൾക്ക് എതിരായി എഴുതുകയും പ്രസംഗിക്കുകയും ചെയ്യുന്നവരുടെയും, വിസിറ്റിംഗ് കാർഡും, വീട്ടിൽ ഗേറ്റിനു മുകളിൽ വച്ചിരിക്കുന്ന നെയിം പ്ലേറ്റും മറ്റും ഇംഗ്ലീഷിലാണ്.നമ്മുടെ ഓഫീസുകളിൽ കളക്ടർ, തഹസിൽദാർ, അക്കൌണ്ടൻറ്, പ്രിൻസിപ്പാൾ,..... എന്നിങ്ങനെയുള്ള ബോർഡുകളും ഇംഗ്ലീഷിൽ തന്നെ. ഇംഗ്ലീഷിലാണ് നമ്മുടെ പോലീസുകാരുടെ ഷോൾഡർ ബാഡ്ജ്. മിക്ക കെട്ടിടങ്ങൾക്കും കടകൾക്കും ബസുകൾക്കും ലോറികൾക്കും തിയേറ്ററുകൾക്കും ഇംഗ്ലീഷിലെഴുതിയ പേരാണുള്ളത്.

ഇംഗ്ലീഷ് അറിഞ്ഞു കൂടാത്തവർ പോലും അവരുടെ മക്കളുടെ വിവാഹത്തിന്റെ ക്ഷണക്കത്തുകൾ മിക്കപ്പോഴും ഇംഗ്ലീഷിൽ അച്ചടിപ്പിക്കുന്നു. ഇതിൽ നിന്നെല്ലാം, മലയാളികൾക്ക് മലയാളത്തോടുള്ളതിലേറെ താൽപര്യവും സ്നേഹവും ഉള്ളത് ഇംഗ്ലീഷിനോടാണ് എന്ന് ഏതെങ്കിലും വിദേശി വിചാരിക്കുന്നു എങ്കിൽ അദ്ദേഹത്തിനു തെറ്റി. ഇംഗ്ലീഷു പഠിക്കുന്നിടത്തും, ഇംഗ്ലീഷിനോടു താൽപര്യമുള്ളിടത്തും, നമ്മൾ മലയാളികൾ തന്നെയാണ്; മലയാളത്തോടാണ് നമുക്ക് ഇംഗ്ലീഷിനോടുള്ളതിലും ഏറെ സ്നേഹവും താൽപര്യവും ഉള്ളത്.

നമ്മുടെ പൂർവ്വികൻമാർ സുറിയാനി ഇഷ്ടപ്പെടാനും സുറിയാനി നമ്മുടെ ആരാധനാഭാഷയാകാനും ഇടയായതിന്റെ സാഹചര്യം ഇതുപോലെയാണ്.

10. ഫോറിൻ ഭ്രമം.

ജ്ഞാനസ്നാനം സ്വീകരിച്ചപ്പോൾ, മത്തായി, ഔസേപ്പ്, മറിയം ....എന്നിങ്ങനെയുള്ള പേരുകൾ ലഭിച്ച ചിലരൊക്കെ യുവതീയുവാക്കളായി, കോളേജിലും യൂണിവേഴ്സിറ്റിയിലും എത്തുന്നതോടെ, മത്തായി, ഔസേപ്പ്, മറിയം, ... എന്നിങ്ങനെയുള്ള പേരുകൾക്ക് പരിഷ്ക്കാരം പോരാ എന്നു വിചാരിച്ചായിരിക്കണം, മാത്യൂ, ജോസ്, മേരി എന്നിങ്ങനെയുള്ള പേരുകൾ സ്വീകരിക്കാറുണ്ട്.

ഫോറിൻ ആയിട്ടുള്ളതിനെ അതിന്റെ വൈശിഷ്ട്യത്തിന്റെ പേരിൽ എന്നതിലേറെ ഫോറിൻ ആതയുകൊണ്ട് ബഹുമാനിക്കാനും അംഗീകരിക്കാനും ഉള്ള പ്രവണത നമ്മൾ മലയാളികളിൽ ജന്മനാ ഉള്ളതായിട്ട് എനിക്കു തോന്നുന്നു.

വിദേശ സർവ്വകലാ ശാലകളിൽ പഠിച്ചവരെയാണ് കേരളത്തിലെ സർവ്വകലാ ശാലകളിൽ പഠിച്ചവരെക്കാൾ നമ്മൾ ആദരിക്കുന്നത്. നല്ല മലയാളം സംസാരിക്കുന്നവരെക്കാൾ ഇംഗ്ലീഷ് (ബട്ലർ ഇംഗ്ലീഷായാലും) സംസാരിക്കുന്നവരെ നമ്മൾ ബഹുമാനിക്കുന്നു. വിദേശ നിർമ്മിത ബ്ലേഡുപയോഗിക്കുന്നവരാണ് സ്വദേശ നിർമ്മിത ബ്ലേഡുപയോഗിക്കുന്നവരെക്കാൾ, നമ്മിൽ പലരുടേയും കാഴ്ചപ്പാടിൽ, കേമൻമാർ.

നമ്മുടെ രാജാക്കൻമാർ നമ്മുടെ ഇടയിൽ നിന്നൊരാളെ എന്നതിലും ഏറെ പുറത്തു നിന്നുള്ളവരെയാണ് ദിവാനായി നിയമിച്ചിരുന്നത്.

ഒരു പക്ഷെ ഈ ഫോറിൻ ഭ്രമം മലയാളികളുടെ മാത്രം പ്രത്യേകതയല്ല. സാർവ്വദേശിയമായി ഈ ഫോറിൻ ഭ്രമം ഒരളവുവരെ ഉണ്ട് എന്ന് എനിക്കു തോന്നുന്നു. കുറെ വർഷങ്ങൾക്കു മുമ്പ് ഒരു അമേരിക്കൻ മദാമ്മ, അവരെ കണ്ടു സംസാരിച്ച ഒരു അദ്ധ്യാപകനെപ്പറ്റി ''ആ സ്വാമിജി എന്നെ വളരെയധികം സ്വാധീനിക്കുകയുണ്ടായി'' എന്ന് എന്നോടു പറഞ്ഞത് ഞാൻ ഓർത്തു പോകുന്നു. സാധാരണ അദ്ധ്യാപകരിൽ നിന്നും വ്യത്യസ്തനായി അദ്ദേഹം താടിയും മീശയും വളർത്തിയിരുന്നു; ചുവന്ന നിറമുള്ള ഒരു പുറങ്കുപ്പായം അദ്ദേഹം ധരിച്ചിരുന്നു. ഇതിൽ കവിഞ്ഞ് സവിശേഷമായ മേൻമയൊന്നും അദ്ദേഹത്തിന് എന്റെ നോട്ടത്തിൽ ഇല്ലായിരുന്നു. പാശ്ചാത്യ

രാജ്യങ്ങളിൽ ശിഷ്യൻമാരുള്ള നമ്മുടെ നാട്ടിൽ നിന്നുള്ള ചില 'യോഗീശ്വരൻമാർ' സാധാരണക്കാരുടേതിൽ നിന്നു വ്യത്യസ്തമായ അവരുടെ രൂപഭാവവും, വസ്ത്രധാരണരീതിയും അംഗവിക്ഷേപങ്ങളും മറ്റും കൊണ്ടാണ് അവിടെയുള്ളവരെ സ്വാധീനിച്ചിട്ടുള്ളത്; അവർ വലിയ ഭക്തൻമാരൊ, ആദ്ധ്യാത്മികാചാര്യൻമാരൊ, ഒന്നുമല്ല, എന്നാണ് എനിക്കു തോന്നിയിട്ടുള്ളത്.

വർഷങ്ങൾക്കു മുമ്പ് 1974-ൽ, അമേരിക്കയിൽ ആദ്യമായി ഞാൻ പോയപ്പോൾ ന്യൂയോർക്കിൽ വച്ച് ഒരു സുഹൃത്ത്, ഒരു പള്ളിമുറ്റത്തേയ്ക്ക് ചൂണ്ടിയിട്ട്, എന്നോടു പറഞ്ഞത് ഞാൻ ഓർത്തു പോകുന്നു. ''ആ പള്ളിയുടെ മുറ്റത്ത് ഒരു മൂലയിൽ, അവിരാച്ചൻ പത്മാസനസ്ഥനായി, ധ്യാനനിരതനെപ്പോലെ, കണ്ണും അടച്ച് ഒന്നും മിണ്ടാതെ ഇരുന്നാൽ മതി. അപ്പോൾ കാണാം ധാരാളം ചെറുപ്പക്കാരും പ്രായം ചെന്നവരും ആയ മദാമ്മമാർ, ഭക്ത്യാദരങ്ങളോടെ അവിരാച്ചന്റെ മുമ്പിൽ വന്ന്, ചെറുതും വലുതും ആയ കാണിക്കകൾ സമർപ്പിക്കുന്നത്.''

''ഭക്തി അഭിനയിക്കാനും വിറ്റു കാശാക്കാനും എന്നെക്കൊണ്ടാവില്ല'' എന്ന് സവിനയം അദ്ദേഹത്തോടു പറഞ്ഞ് ഞാൻ അതിനു മുതിർന്നില്ല.

ഒരിക്കൽ കേരളം കാണാനെത്തിയ ഒരു ഡച്ചുകാരന്റെ കൂടെ ഞാൻ യാത്ര ചെയ്യുകയായിരുന്നു. കാലം ചെയ്ത അഭിവന്ദ്യ കേളന്ത്ര പിതാവിനെ സന്ദർഭവശാൽ അകലെ നിന്നു കാണാൻ ഇടയായപ്പോൾ, ഡച്ചുകാരനായ സുഹൃത്തിനോട് ''നമുക്ക് അദ്ദേഹത്തെ പോയി കണ്ടു കളയാം. നല്ല ആളാണ്. ഞാൻ അദ്ദേഹത്തെ അറിയും.'' എന്ന് ഞാൻ പറഞ്ഞു. അപ്പോൾ അദ്ദേഹം എന്നോടു പറയുകയാണ്. ''ഇവരെപ്പോലുള്ളവർ ധാരാളം ഹോളണ്ടിലുണ്ട്. എനിക്ക് അദ്ദേഹത്തെ കാണണമെന്നില്ല.'' എന്നാൽ ഇതേ മനുഷ്യൻ, മട്ടാഞ്ചേരി ഡച്ചുകൊട്ടാരത്തിനു സമീപമുള്ള അമ്പലത്തിലെ പൂജാരിയെ ഒന്നു കണ്ടു സംസാരിക്കുന്നതിനു വേണ്ടി അരമണിക്കൂറിലധികം സമയം കാത്തു നിൽക്കുകയുണ്ടായി.

സാധാരണക്കാരുടെ ജീവിതാനുഭവങ്ങളെപ്പറ്റി വായിച്ചറിയുന്നതിലും കൂടുതൽ നമുക്കു താൽപര്യം പുരാണകഥകളും, കല്പിത

കഥകളും, ഭീകരകഥകളും, (ഡ്രാക്കുളകഥകൾ പോലെയുള്ളവ) വായിക്കാനാണ്.

ജീവദായകമായ ജലത്തിലെന്നതിലും, മത്തു പിടിപ്പിക്കുന്ന, മാരകമായ മദ്യം, മനുഷ്യൻ വിലകൊടുത്തു വാങ്ങി കഴിക്കുന്നു.

അകലെ കാശിയിൽ പോയി ഗംഗാജലം കൊണ്ടു വന്ന് വീട്ടിൽ പുജ്യമായി സൂക്ഷിക്കുന്ന ഹൈന്ദവരായ സഹോദരങ്ങളുണ്ട്. വീടിനടുത്തുള്ള കാട്ടരുവികളിലെ സ്വച്ഛമായ ജലമാണ് ഗംഗാജലത്തെക്കാൾ ആരോഗ്യദായകം എന്നവർ ഓർക്കുന്നില്ല.

ജറൂസലേമിൽ പോയി അവിടെ നിന്നുള്ള പുഷ്പങ്ങൾക്കു പുറമെ അവിടുത്തെ വായുവും (ബലൂണിലാക്കി) കൊണ്ടു വരുന്ന ക്രൈസ്തവ സഹോദരങ്ങളുണ്ട്. തങ്ങളുടെ ഗ്രാമത്തിലെ വായുവാണ് ജറൂസലേമിലെ വായുവിനെക്കാൾ മലിനമല്ലാത്തത് എന്നിവരറിയുന്നില്ല.

വിദേശികളായ പുണ്യവാൻമാരുടെ പെരുന്നാളുകൾ കൊണ്ടാടുന്ന ഇവിടുത്തെ ക്രൈസ്തവർ, ഈ വിശുദ്ധൻമാരെക്കാൾ, ദൈവത്തിന്റെ മുമ്പിൽ വിശുദ്ധിയുള്ള നമ്മുടെ സാധാരണക്കാരായ ആളുകളെ കാണുന്നില്ല.

വൈദേശികവും, അത്ഭുതകരവും, താന്ത്രികവും, അസാധാരണവും ആയ കാര്യങ്ങളോടുള്ള താല്പര്യവും ആദരവും നമുക്കൊക്കെ ഉണ്ട്.

മനുഷ്യാവതാരത്തിനു ശേഷവും, ദൈവത്തെ, അങ്ങുമുകളിൽ, സ്വർഗ്ഗത്തിൽ മാലാഖമാരുടെ സ്തുതിപ്പുകൾ കേട്ടിരിക്കുന്നവനും, രഹസ്യാത്മകതയുള്ളവനും ആയിട്ടു കാണാനാണ് നമുക്കിഷ്ടമെന്നു തോന്നുന്നു. പഴന്തുണിയിൽ പൊതിയപ്പെട്ടവനായി, നമ്മളിൽ ഒരുവനായി, നമ്മുടെ വേദനയും കഷ്ടപ്പാടും ഏറ്റുവാങ്ങുന്നവനായി, ദൈവത്തെ കാണുവാൻ പലർക്കും താൽപര്യമില്ലാത്തതുപോലെആണ്. നമ്മുടെ ഭാഷയിൽ, നമുക്കു മനസ്സിലാകുന്ന ശൈലിയിൽ, ലളിതമായി ദൈവം സംസാരിച്ചു കേൾക്കുന്നതിലും ഏറെ ഇവർക്ക് ഇഷ്ടം നമുക്കു മനസ്സിലാകാത്ത മാലാഖമാരുടെ ഭാഷയിൽ, മറുഭാഷയിൽ, ദൈവം സംസാരിക്കുന്നതു കേൾക്കാനാണ്.

ഇവിടെ ഗണപതി ദാസൻ എന്ന സൂത്രശാലിയായ ബ്രാഹ്മ ണന്റെ കഥ ഞാൻ ഓർത്തുപോകുന്നു. പാവപ്പെട്ടവനായിരുന്ന ഗണപതിദാസന് 24-ാമത്തെ വയസ്സിൽ മന്തു പിടിപെട്ടു. താമസം വിനാ അയാൾ സുന്ദരമായ ഒരു ഗണപതി വിഗ്രഹം ഒരു ശില്പിയെ ക്കൊണ്ട് ഉണ്ടാക്കിച്ചു. അതും എടുത്തുകൊണ്ട് അയാൾ അകലെയുള്ള ഒരു ഗ്രാമത്തിൽ പോയിട്ട് അവിടുത്തെ സാധാരണക്കാരായ ആളുകളെ വിനയപൂർവ്വം വണങ്ങിയിട്ട് ഇങ്ങനെ അവർക്കു സ്വയം പരിചയ പ്പെടുത്തി; '' എന്റെ പേര് ഗണപതിദാസൻ എന്നാണ്. അഞ്ചുവർഷ ക്കാലം ഞാൻ ഗണപതിയെ ധ്യാനിച്ച് തപസ്സു ചെയ്തു. ഒരു മാസം മുമ്പ് ഭഗവാൻ എനിക്ക് പ്രത്യക്ഷപ്പെട്ട് ഈ അത്ഭുതവിഗ്രഹം സമ്മാനിക്കുകയും ഇതും എടുത്തുകൊണ്ട് ഇവിടെ വന്ന്, നിങ്ങളുടെ സഹകരണത്തോടുകൂടി ഒരു ഗണപതി കോവിൽ പണികഴിപ്പിച്ച് അതിൽ ഈ അത്ഭുത വിഗ്രഹം പ്രതിഷ്ഠിക്കണമെന്നു പറയുകയും ചെയ്തു. ഭഗവാന്റെ അനുഗ്രഹത്തിന്റെ അച്ചാരമായി ഭഗവാൻ എനിക്കു നൽകിയിരിക്കുന്നതാണ് ഈ ആനക്കാൽ.'' തന്റെ മന്തുകാൽ കാണിച്ചുകൊണ്ട് ഗണപതിദാസൻ തുടർന്നു. '' നിങ്ങൾ കോവിൽ പണിയാൻ എന്നെ സഹായിച്ചാൽ ഭഗവാന്റെ അനുഗ്ര ഹങ്ങൾ നിങ്ങൾക്കു ധാരാളമായി ഉണ്ടാകും; സഹകരിക്കുന്നില്ലെങ്കിൽ ഭഗവാന്റെ അപ്രീതി നിങ്ങൾക്കുണ്ടാകും.''

അയാൾ പറഞ്ഞത് ആദരപൂർവ്വം കേട്ടിരുന്ന പാവം ഗ്രാമീണർ അത് അപ്പാടെ വിശ്വസിക്കുകയും, ഗണപതികോവിൽ പണിയുന്ന തിനു വേണ്ട സഹായസഹകരണങ്ങൾ അയാൾക്കു ചെയ്യുകൊടുക്കു കയും ചെയ്തു. രണ്ടുമാസം കൊണ്ട് കോവിൽ തയ്യാറായി. അവിടെ ഗണപതിവിഗ്രഹം, ഗണപതിദാസൻ പ്രതിഷ്ഠിക്കുകയും മുറയ്ക്കു പൂജ നടത്താൻ തുടങ്ങുകയും ചെയ്തതോടെ കോവിലിലേയ്ക്ക് കാഴ്ചകളുടെയും കാണിക്കകളുടെയും പ്രവാഹമായി. പാവം ഗ്രാമീണ രുടെ വിയർപ്പു ഫലത്തിൽ നിന്ന്, ആ കപടഭക്തൻ അല്ലലില്ലാതെ സുഖമായി അതോടെ ജീവിച്ചു.

സിറിയയിൽ നിന്നു വന്ന കൽദായ മെത്രാൻമാർ ഇവിടെ കേരളത്തിൽ ചെയ്തത് ഗണപതിദാസൻ ചെയ്തതുപോലെയാണ്. അവരുടെ നാട്ടിൽ ഞെരുക്കപ്പെട്ട അവർക്ക് അഭയാർത്ഥികളെപ്പോലെ ഓടിപ്പോരേണ്ടി വന്നു. എന്നാൽ, നമ്മളെ രക്ഷിക്കാനായി ദൈവ

സ്നേഹത്തെപ്രതി ആണ് അവർ ഇവിടെ വന്നത്, എന്നായിരുന്നു അവർ നമ്മുടെ പൂർവ്വികൻമാരെ പറഞ്ഞു വിശ്വസിപ്പിച്ചത്. അവരുടെ വേഷവിധാനവും, നമ്മുടെ കർത്താവിന്റെ ഭാഷയായ സുറിയാനിയിലുള്ള ആരാധനാരീതിയും കൊണ്ട് സ്വാധീനിക്കപ്പെട്ട നമ്മുടെ പൂർവ്വികൻമാർ, ''കർത്താവിനാൽ പ്രത്യേകം അയയ്ക്കപ്പെട്ട ആ കർത്തൃദാസൻമാരെ'', ആദരപൂർവ്വം സ്വീകരിക്കുകയും അവർക്ക് എല്ലാ സഹായസഹകരണങ്ങളും നൽകുകയും ചെയ്തു.

കൽദായ മെത്രാൻമാരെപ്പോലെ, അതിലും മോശമായി, ആണ് പോർട്ടുഗീസുകാരും, പദ്രൊവാദോയും, പ്രൊപ്പഗാന്താതിരുസംഘവും പെരുമാറിയിട്ടുള്ളത്. ഇന്ന് പൗരസ്ത്യ തിരുസംഘം പെരുമാറുന്നതും അങ്ങനെതന്നെ.

ഹിന്ദുക്കളും മുസ്ലിമങ്ങളും ആയ നമ്മുടെ സഹോദരങ്ങൾ നമ്മളെ സഹായിച്ചിട്ടുള്ളിടത്ത്, കർത്താവിൽ നമ്മുടെ സഹോദരങ്ങളായിട്ടുള്ളവരിൽ നിന്നു നമുക്ക് സഹിക്കേണ്ടി വന്നിട്ടുള്ളത് കുറച്ചൊന്നുമല്ല. ആബേലിനെ പീഡിപ്പിക്കുകയും കൊല്ലുകയും ചെയ്തത് ചേട്ടനായ കായേനാണല്ലോ.

11. നമ്മൾ കുഞ്ഞുകുട്ടികളൊന്നുമല്ല.

ഭക്ഷണം കഴിക്കാനും, നടക്കാനും, എഴുതാനും,...ആദ്യം ഒക്കെ, കുഞ്ഞുകുട്ടികൾക്ക് മുതിർന്നവരുടെ സഹായം ആവശ്യമാണ്. എന്നാൽ 20വയസ്സായിട്ടും, ഇതിനൊക്കെ മറ്റുള്ളവരുടെ സഹായം ആവശ്യമുള്ള, സ്വന്തമായി തീരുമാനമൊന്നും എടുക്കാൻ കഴിയാത്ത ആൾ മന്ദബുദ്ധിയോ, മനോരോഗിയോ, തീരെ വളർച്ചയെത്താത്തവനോ ആയിരിക്കണം.

20 നൂറ്റാണ്ടു കാലത്തെ വളർച്ചയെത്തിയ സീറോമലബാർസഭ, മുരടിച്ചതോ, മന്ദബുദ്ധിയോ അല്ല. നമ്മുടേത് സജീവമായ, ചൈതന്യമുള്ള സഭയാണ്. എന്നിട്ടും, പൗരസ്ത്യതിരുസംഘത്തിന്റെ കാഴ്ചപ്പാടിൽ നമ്മൾ സ്വന്തമായി തീരുമാനമെടുക്കാൻ കഴിയാത്തവരാണ്, വളർച്ചയെത്താത്തവരാണ്.

12. ഇതോ സ്വയംഭരണം?

ഒരു അനിയന്, അയാളുടെ വിവാഹം നടത്തിച്ചുകൊടുത്തത്

ചേട്ടനാണെങ്കിൽ കൂടി, തന്റെ ഭാര്യയോടു സംസാരിക്കുന്നതിനും അവളുമായി ഇടപെടുന്നതിനും എല്ലാം ചേട്ടന്റെ അനുവാദവും ആശീർവാദവും വേണം എന്നായാൽ അതു വലിയ കഷ്ടമാണ്; അനിയന്റെ മാനവികാവകാശ ധ്വംസനമാണ്.

ഈ ചേട്ടന്റെ നിലപാടാണ് പൗരസ്ത്യതിരുസംഘം സീറോ മലബാർ സഭയോടു സ്വീകരിച്ചിരിക്കുന്നത്. സീറോ മലബാർ സഭയ്ക്ക് സ്വയം ഭരണാവകാശമുണ്ട് എന്ന് അംഗീകരിക്കുന്നിടത്തും, പൗരസ്ത്യ തിരുസംഘത്തിന്റെ അനുവാദവും ആശീർവാദവും കൂടാതെ, ഒരു കാര്യവും ചെയ്യാനുള്ള സ്വാതന്ത്ര്യം നമ്മുടെ മെത്രാൻമാർക്കില്ല.

നമ്മുടെ മെത്രാൻമാരുടെ സംഘാതമായ തീരുമാനങ്ങൾ തന്നെയും, പൗരസ്ത്യതിരുസംഘത്തിന്റെ തിരുവുള്ളമില്ലാത്തിടത്ത്, വെറും ജലരേഖകൾ മാത്രമാകുന്നിടത്ത്, നമുക്ക് എന്തു സ്വയം ഭരണമാണുള്ളത്.

13. ഇന്നും അടിമച്ചങ്ങലയിൽ.

നമ്മുടെ സഭയുടെ അനന്യതയേയും, സവിശേഷതയേയും, സ്വാതന്ത്ര്യത്തേയുംഅംഗീകരിക്കുന്നിടത്തും, നമുക്ക് മുക്കു കയറിടാനാണ് പൗരസ്ത്യതിരുസംഘം ശ്രമിച്ചുകൊണ്ടിരിക്കുന്നത്.

കാലിൽ ചങ്ങലയിട്ട് ഒരു കരിങ്കൽ കുരിശിനോട് ബന്ധിച്ചിരിക്കുന്നിടത്ത്, ''ഞാൻ സ്വതന്ത്രനാണ്'' എന്ന പ്ലാക്കാർഡു കൈയിൽ പിടിച്ചിരിക്കുന്ന ഒരു അടിമയുടെ സ്ഥിതിയല്ലേ ഇന്നത്തെ നമ്മുടെ സഭയുടേത്?

സീറോ മലബാർ സഭയിൽ ഇന്നു നമുക്കുള്ള മെത്രാൻമാർ വിദേശികളല്ല, നാട്ടുകാരാണ്. എങ്കിലും ഈ മെത്രാൻമാർ പൗരസ്ത്യ തിരുസംഘത്തിന്റെ നോമിനികളും, ജനങ്ങളുടെ നന്മ എന്നതിനേക്കാൾ പൗരസ്ത്യ തിരുസംഘത്തിന്റെ താൽപര്യങ്ങൾ സംരക്ഷിക്കുന്നവരും ആയിരിക്കെ, നമ്മുടെ സഭ ഇന്ന് അടിമത്തത്തിൽ തന്നെയാണ്.

14. മനുഷ്യാവതാരത്തിനു നിരക്കാത്ത രീതി.

മെത്രാൻമാരുടെ നിയമനം, ഇന്ന് പരിശുദ്ധ സിംഹാസന

ത്തിന്റെ കുത്തകയാണ്. ദൈവതിരുമനസ്സുകൊണ്ടെന്ന തുപോലെ, ''പരിശുദ്ധ സിംഹാസനത്തിന്റെ മനോഗുണത്താലും'', മെത്രാൻ മാരായിരിക്കുന്നവർക്ക് ജനങ്ങളോടല്ല, പരിശുദ്ധ സിംഹാസന ത്തോടാണ് ഉത്തരവാദിത്വം. ബ്രിട്ടീഷ് ഭരണകാലത്ത് ഇവിടെയുണ്ടാ യിരുന്ന ഐ. സി. എസ്. കാർ ഇവിടുത്തെ ജനങ്ങളുടെ താൽപര്യങ്ങ ളെക്കാൾ ബ്രിട്ടീഷ് മേൽക്കോയ്മയുടെ താൽപര്യങ്ങൾ സംരക്ഷി ക്കേണ്ടവരായിരുന്നതുപോലെ, ഈ മെത്രാൻമാർ റോമിന്റെ താൽ പര്യം സംരക്ഷിക്കാൻ ബാദ്ധ്യസ്ഥരാണ്.

''ജനങ്ങൾക്ക് ഇഷ്ടമില്ലാത്ത മെത്രാനെ അവരുടെമേൽ അടിച്ചേൽപ്പിക്കരുത് '', എല്ലാവരുടേയും മേൽ നോട്ടക്കാരനായി രിക്കുന്നവൻ എല്ലാവരാലും തെരഞ്ഞെടുക്കപ്പെട്ടവനായിരിക്കണം'' എന്നിങ്ങനെയുള്ള ആദിമശതകങ്ങളിലെ മാർപ്പാപ്പമാരുടെ പ്രഖ്യാപനങ്ങളും, ആദിമ ക്രൈസ്തവർ മെത്രാൻമാരെ തെരഞ്ഞെ ടുത്തിരുന്ന രീതിയും തീർത്തും അവഗണിച്ചുകൊണ്ടുള്ള സ്വേച്ഛാധി പത്യപരമായ രീതിയാണ് ഇന്ന് മെത്രാൻ നിയമനത്തിൽ റോം സ്വീകരിച്ചുപോരുന്നത്. (cf വിദ്യാജ്യോതി. നവംബർ1996). ഇങ്ങനെയുള്ള നിയമനരീതി, സീറോമലബാർ സഭയിൽ പണ്ടു നിലവിലിരുന്ന സമ്പ്രദായത്തിന് ഒട്ടും അനുയോജ്യമല്ല.

മദ്ധ്യപൂർവ്വ ദേശത്തു നിന്നുള്ള മെത്രാൻമാർ ഇവിടെ വരുന്നതിനു മുമ്പ്, ആദിമ ക്രൈസ്തവരുടെ ഇടയിൽ ഉണ്ടായിരു ന്നതുപോലുള്ള രീതിയാണ് മെത്രാൻ നിയമനത്തിൽ സീറോ മലബാർ സഭയിൽ ഉണ്ടായിരുന്നത്.

ഇക്കാലത്തു തന്നെയും കർദ്ദിനാളൻമാർ തെരഞ്ഞെടു ത്തിട്ടാണ് ഒരാൾ മാർപ്പാപ്പആകുന്നത്. അല്ലാതെ, ഒരു മാർപ്പാപ്പ മരിക്കുമ്പോൾ, അത്ഭുതകരമായി, ഒരു ഫ്ളയിംഗ് സോസറിൽ, അടുത്ത മാർപ്പാപ്പ വന്നെത്തുകയല്ല. തെരഞ്ഞെടുപ്പിലൂടെ ആണ് ഒരാൾ മാർപ്പാപ്പ ആകുന്നതെങ്കിൽ, മുകളിൽ നിന്നുള്ള നിയമനം വഴി എന്നതിലേറെ, താഴെ നിന്നുള്ളവരാൽ മെത്രാനും തെരഞ്ഞെടുക്ക പ്പെടുകയല്ലേ വേണ്ടത് ? ഇപ്പോഴത്തെ മെത്രാൻ നിയമനരീതി, ഫ്യൂഡൽ വ്യവസ്ഥിതിയുടേതാണ്, മനുഷ്യാവതാരത്തിനു യോജി ക്കാത്തതും, സാധാരണ വിശ്വാസികളെ അവഹേളിക്കുന്നതും ആണ്.

വത്തിക്കാന് നല്ല പിള്ളകളെ കണ്ടെത്താനാകാത്തതിന്റെ

പേരിൽ ബ്രിസീലിലെ പതിനെട്ട് രൂപതകളിലാണ് മെത്രാൻമാരില്ലാതിരിക്കുന്നതെന്ന കാര്യം ഇവിടെ പ്രസ്താവ്യമാണ്. (cf. സത്യദീപം. 20. ആഗസ്റ്റ് 1997)

നമ്മുടെ കർത്താവ് തന്റെ പ്രബോധനം വഴിയും മാതൃകയിലൂടെയും, ''അധികാരം മറ്റുള്ളവരുടെമേൽ കുതിരകയറാനുള്ളതല്ല, മറിച്ച് സേവനത്തിനുള്ളതാണ്'' എന്നാണ് പഠിപ്പിച്ചത്. അധികാരികൾ സേവകരാണ്, യജമാനൻമാർ എന്നതിലേറെ ഭൃത്യരാണ്. (cf. മത്തായി. 20.26,27; ജോൺ 13/ 14,15)

കുട്ടികൾക്കു ഭക്ഷണം കൊടുക്കാനും, അവരെ പരിചരിക്കാനും നിയമിക്കപ്പെട്ടിരിക്കുന്ന ആയ, അവരുടെ അമ്മയായിത്തീരുന്നില്ല. കാറിൽ ഇരുന്ന് സ്ക്കൂളിൽ പോകുന്നിടത്ത് കുട്ടികൾ ഡ്രൈവർ പറയുന്നത് അനുസരിക്കണം. എന്നു വച്ച് ഡ്രൈവർ അവരുടെ അപ്പനാകുന്നുണ്ടോ?

ആദിമക്രൈസ്തവ സഭയിൽ ഇന്നത്തെ രീതിയിലുള്ള മെത്രാൻമാരുണ്ടായിരുന്നില്ല. അവർക്കുണ്ടായിരുന്നത് ശ്രേഷ്ഠൻമാരൊ, മൂപ്പൻമാരൊ ആയിരുന്നു.

പിൽക്കാലത്തുണ്ടായ അധഃപതനം കാരണം, ഡ്രൈവർമാർ രണ്ടാനപ്പൻമാരുടെയും, ആയമാർ രണ്ടാനമ്മമാരുടെയും സ്ഥാനം കൈയ്യടക്കിയിരിക്കുകയാണ്.

നിയമനിർമ്മാണത്തിനും, നിയമവ്യാഖ്യാനത്തിനും, നിയമസംരക്ഷണത്തിനും ഉള്ള അധികാരം ഇന്ന് സഭയിൽ മെത്രാൻമാർക്കാണ്. ഇത് അങ്ങേയറ്റം അക്രൈസ്തവം ആണ്, രാക്ഷസീയവും ആണ്.

15. പൗരസ്ത്യ തിരുസംഘത്തോടുള്ള വിധേയത്വം.

ആദിവാസികളുടെ ഇടയിൽ സേവനം അനുഷ്ഠിച്ചിരുന്ന ഒരു വൈദികനെ എനിക്കറിയാം. വളരെയേറെ കാര്യങ്ങൾ അവർക്കു വേണ്ടി അദ്ദേഹം ചെയ്തിരുന്നു. എങ്കിലും അവരുടെ വ്യക്തിമാഹാത്മ്യത്തെയും സ്വതന്ത്ര്യത്തെയും അദ്ദേഹം തീരെ അംഗീകരിച്ചിരുന്നില്ല.

ഇടയ്ക്ക് അദ്ദേഹം അവരുടെ ഇടയിലെ ചെറുപ്പക്കാരെ വിളിച്ചു

കൂട്ടി, '' പൊക്കിനെടാ കൈയ് '' എന്നു പറയും. അവർ കൈ പൊക്കിക്കഴിയുമ്പോൾ ആർക്കൊക്കെയാണ് കക്ഷത്തിൽ രോമമുള്ള തെന്ന് നോക്കിയിട്ട് കക്ഷത്തിൽ രോമമുള്ളവരോട്, അദ്ദേഹം ചൂണ്ടിക്കാണിക്കുന്ന പെൺകുട്ടികളെ, അവർക്ക് പരസ്പരം ഇഷ്ടമാണെങ്കിലും അല്ലെങ്കിലും വിവാഹം കഴിക്കാൻ അദ്ദേഹം പറയും. അതിനുള്ള ഒരുക്കങ്ങൾ മാതാപിതാക്കൻമാർ ഉടനെതന്നെ ചെയ്യണമായിരുന്നു. അവരുടെ ഇഷ്ടാനിഷ്ടമനുസരിച്ചെന്നതിലേറെ, മറ്റു കാര്യങ്ങളിലെന്നതുപോലെ, വിവാഹകാര്യത്തിലും, അദ്ദേഹത്തിന്റെ ഇഷ്ടാനിഷ്ടമായിരുന്നു അവർക്കു ബാധകം.

സീറോ മലബാർ സഭയിലെ മെത്രാൻ നിയമനത്തിൽ പൗരസ്ത്യ തിരുസംഘം അനുവർത്തിച്ചു പോരുന്നത് ഇത്തരത്തിലുള്ള നയമാണ് എന്നെനിക്കു തോന്നുന്നു. പൗരസ്ത്യതിരുസംഘത്തോടുള്ള വിശ്വസ്തതയും വിധേയത്വവും ആണ് നമ്മുടെ സഭയിലെ മെത്രാൻ നിയമനത്തിന് അവശ്യമായി വേണ്ടത്. മെത്രാനായി നിയമിക്കപ്പെടുന്ന ആൾ രൂപതയിലെ ജനങ്ങൾക്ക് അഭിമതനാണോ, അല്ലയോ, എന്നതൊന്നും, ഒരു പ്രശ്നമല്ല.

16. ''നായിന്റെ മോനെ''

പാവപ്പെട്ടവരുടെ സമുന്നതിക്കുവേണ്ടി വളരെ അധികം കാര്യങ്ങൾ ചെയ്തിരുന്ന ഒരു ഇറ്റലിക്കാരനെ എനിക്കറിയാം. ചിലപ്പൊഴൊക്കെ അദ്ദേഹം അവരെ ''നായിന്റെ മോനെ'' എന്നു വിളിച്ചിരുന്നു. അദ്ദേഹത്തോടെതിർത്തു സംസാരിക്കാനൊന്നും, അവിടുത്തെ പാവങ്ങൾ, അവരുടെ നിസ്സഹായതയിൽ, തുനിഞ്ഞിരുന്നില്ല. സഹായഹസ്തം അദ്ദേഹം പിൻവലിച്ചെങ്കിലോ എന്നു പേടിച്ച് അടക്കിപ്പിടിച്ച മുറുമുറുപ്പോടെ ആണെങ്കിലും വായ്പൊത്തിനിന്ന് അവർ അതൊക്കെ കേട്ടിരുന്നു.

പൗരസ്ത്യ തിരുസംഘത്തിന്റെ നല്ലപിള്ളകളായിരിക്കുന്നതിനും, അവരുടെ സഹായം ലഭിക്കുന്നതിനും, നമ്മൾ കൽദായരാണ്, കൽദായ പാരമ്പര്യമാണ് നമുക്കുള്ളത് എന്നു നമ്മുടെ മെത്രാൻമാർ സമ്മതിക്കണം എന്ന് ശഠിക്കുന്ന പൗരസ്ത്യ തിരുസംഘത്തിന്റെ നിലപാട്, ഈ ഇറ്റലിക്കാരന്റേതിൽ നിന്നും വ്യത്യസ്തമല്ല.

17. അനുസരണം അടിമത്തമാകരുത്.

വള്ളിയൂർക്കാവിൽ അമ്മയുടെ അടിമളായിരുന്നുകൊള്ളാം എന്നു നേർന്നതിനുശേഷം അവിടെ സമീപമുള്ള സവർണ്ണ ഹിന്ദുക്കളുടെ അടുക്കൽ, അമ്മയ്ക്കുവേണ്ടിയാണെന്നു സങ്കൽപ്പിച്ച് അടിമപ്പണി ചെയ്യുന്ന ആദിവാസികൾ വയനാട്ടിൽ ഉണ്ട്.

മാർപ്പാപ്പയോടുള്ള വിധേയത്വത്തിന്റെ പേരിൽ നമ്മുടെ മെത്രാൻമാർ പൗരസ്ത്യ തിരുസംഘത്തിന് അടിമപ്പണി ചെയ്യുകയാണ് എന്നെനിക്കു തോന്നുന്നു.

18. വിറകുവെട്ടികളും വെള്ളംകോരികളും അല്ല.

പോലീസുകാർ അവരുടെ മേലധികാരികളെ അനുസരിക്കണം എന്നുവച്ച് അവർ ഇവരുടെ ഭാര്യമാർ ആവശ്യപ്പെടുന്നിടത്ത് ഗ്യാസ് സിലിണ്ടർ വാങ്ങിക്കൊണ്ടു വരാനും കുട്ടികളുടെ വസ്ത്രങ്ങൾ അലക്കികൊടുക്കാനും ഒന്നും പോകണ്ടാ.

നമ്മൾ സീറോമലബാർ സഭാംഗങ്ങൾ മാർപ്പാപ്പയെ അംഗീകരിക്കുന്നു, ആദരിക്കുന്നു, എന്നുവച്ച് റോമൻ കൂറിയായിലെ ഏതു ഉദ്യോഗസ്ഥന്റെയും കാല് നക്കിക്കൊള്ളണമെന്നില്ല. ഒരു സെമിനാരി വിദ്യാർത്ഥി തന്റെ റെക്ടറച്ചനെ രാവിലെ കാണുമ്പോൾ വന്ദിക്കണമെന്നിരുന്നാലും, സെമിനാരിയിൽ വളർത്തുന്ന പട്ടിക്ക് ''ഗുഡ്മോർണിംഗ് '' പറയാനായിട്ട്, എല്ലാദിവസവും രാവിലെ പട്ടിക്കൂടിനടുത്തേക്ക് പോകേണ്ടതായിട്ടില്ല.

ലൂസാക്കായിലെ മുൻ ആർച്ചു ബിഷപ്പായിരുന്ന ആർച്ചു ബിഷപ്പ് എമ്മാനുവേൽ മിലിംഗോ, തന്റെ ആത്മകഥയിൽ, റോമൻ തിരുസംഘത്തിൽ നിന്ന് സഹിക്കേണ്ടിവന്ന പീഡനങ്ങളെപ്പറ്റി പറയുന്നുണ്ട്. (cf. സത്യദീപം. dt. ജൂലൈ 30, 1997)തിരുസംഘങ്ങൾക്ക് പീഡനരീതി പുത്തരി ഒന്നുമല്ല.

19. കുതിര കയറരുത്.

''ഈശാവാസ്യമിദംസർവ്വം'' എന്നു പഠിപ്പിച്ച ഋഷിമാരുടെ നാടായ ഇൻഡ്യയിൽ, അനേകം നൂറ്റാണ്ടുകളായി, സവർണ്ണർ അവർണ്ണരെ, ഇവരുടെ വിയർപ്പുകൊണ്ട് നനച്ചുണ്ടാക്കിയ ഭക്ഷണസാധന

ങ്ങൾ കഴിക്കുന്നിടത്തും തൊട്ടുകൂടാത്തവരായിട്ടാണ് പരിഗണിച്ചിരിക്കുന്നത്. മാത്രവുമല്ല തങ്ങളുടെ സുഖസൗകര്യങ്ങൾക്കുവേണ്ടി, ഇവരെ അടക്കി, തൊട്ടുകൂടാത്തവരായി നിർത്തണമെന്നാണ് ദൈവനിശ്ചയം എന്നും ആയിരുന്നു അവരുടെ വിശ്വാസം.

എല്ലാവരും ദൈവത്തിന്റെ മക്കളും, ആ നിലയ്ക്ക് സഹോദരങ്ങളും തുല്യരും ആണെന്നാണ് സഭ പഠിപ്പിക്കുന്നത്. എന്നിരുന്നാലും, റോമൻ കൂരിയായിലെ ഉദ്യോഗസ്ഥൻമാർ, മറ്റുള്ളവരെ അടിമകളാക്കാനും, അവരെ വിഡ്ഢികളാക്കാനും, അവരുടെ മേൽ കുതിരകയറാനും ഉള്ള ദൈവദത്തമായ അവകാശം തങ്ങൾക്കുള്ളതായിട്ട് വിചാരിക്കുന്നതായി എനിക്കു തോന്നുന്നു.

20. ബുദ്ധിപ്രക്ഷാളനം.

''റോമായെ അനുസരിക്കാത്തവന് നിത്യനരകവും കെടാത്ത തീയും'' എന്നാണ് നമ്മുടെ ജനങ്ങളെ ചെറുപ്പം മുതലേ പറഞ്ഞു പഠിപ്പിച്ചിരിക്കുന്നത്. റോമായെ ധിക്കരിക്കുന്നവന് മരിക്കുന്നതിനു മുമ്പ് മഹറോൻ, മരിച്ചുകഴിഞ്ഞാൽ നരകം. ഇഹത്തിലും പരത്തിലും അവന് രക്ഷയില്ല. ഈ ധാരണയോടെയാണ് നമ്മൾ വളർന്നു വന്നിട്ടുള്ളത്.

ഏകാധിപത്യഭരണം നിലനിൽക്കുന്നിടത്ത്, അന്യായമായ നിയമങ്ങളെ ലംഘിക്കുന്നവർക്ക് കൂടിയാൽ മരണശിക്ഷയേയുള്ളൂ; മരണാനന്തരം തീക്കൊള്ളിയുമായി അവരെ ആരും ഓടിക്കുകയില്ല.

എന്നാൽ സഭയിലെ കാര്യം അതല്ല. അനുസരണക്കേടിന് ലോകത്തിൽ മാത്രമല്ല, പരലോകത്തിലും ശിക്ഷ അനുഭവിച്ചേ പറ്റൂ.

ഇങ്ങനെയുള്ള ശിക്ഷയെ ഭയന്ന്, സാധാരണക്കാരായ വിശ്വാസികൾ, തികച്ചും അക്രൈസ്തവമായ കുതിരകയറ്റത്തെത്തന്നെയും ചെറുക്കാതെ, എല്ലാം ''ദൈവത്തിന്റെ പേരിൽ'' അനുസരിക്കുന്നു.

21. അടിമത്തം.

ഇരുമ്പുകൊണ്ടുണ്ടാക്കിയതാകട്ടെ, സ്വർണ്ണംകൊണ്ടുണ്ടാക്കിയതാകട്ടെ, നിർമ്മിച്ചത് മോസ്ക്കോയിലാകട്ടെ, മുംബായിലാകട്ടെ, ആനയുടെ കഴുത്തിലിട്ടതാകട്ടെ, പന്നിയുടെ കഴുത്തിലിട്ട

താകട്ടെ, ചങ്ങല, ചങ്ങലയാണ്, അതു ബന്ധനത്തിന്റെ ഉപകരണമാണ്.

ചങ്ങലകൾ പൊട്ടിച്ച്, അടിമത്തത്തിൽ കഴിയുന്നവരെ സ്വതന്ത്രരാക്കാനാണ് കർത്താവു വന്നത്. അടിമത്തം, അതിനി ദൈവത്തിന്റെ പേരിലുള്ളതാണെങ്കിൽ തന്നെയും, കർത്താവിന്റെ അരുപിക്ക് യോജിച്ചതല്ല. നമ്മളെ ദൈവമക്കളായിട്ടും തുല്യരായിട്ടും കാണാത്തവർ, അധികാരദണ്ഡുപയോഗിച്ച് നമ്മളെ അനുസരിപ്പിക്കുന്നിടത്ത്, അടിമളാക്കുകയാണ്.

22. നിയമലംഘനം ചിലപ്പോൾ സുകൃതമാണ്.

വിശുദ്ധ കുരിശിന്റെ സന്യാസസഭയിൽ (Holy Cross Congregation) പെട്ട ഒരാളെ തന്നെയും, വേറൊരാൾ ഒരു സ്വർണ്ണക്കുരിശുകൊണ്ട് അടിക്കുന്നിടത്ത്, ''ക്രൂശിതനായ കർത്താവിനെ ഓർത്ത്, ഞാനിതു സഹിച്ചോളാം. രക്ഷാകരമായ കുരിശുകൊണ്ടുള്ള ദണ്ഡനം രക്ഷാകരമാണ് '', എന്നും പറഞ്ഞ് അയാൾ വെറുതെ അടി കൊള്ളരുത്. അയാൾ മാറിപ്പോകണം; വേണ്ടിവന്നാൽ കുരിശ്, തട്ടിക്കളയുകയോ, തല്ലി ഒടിച്ചുകളയുകയോ ചെയ്യണം. രക്ഷാകരമായ കുരിശ് , കൊള്ളരുതാത്തവന്റെ കൈയിൽ, വിനാശകരമാകുമ്പോൾ, അതിനെ നമ്മൾ വണങ്ങണ്ടാ.

അനുസരണത്തിന്റെ കാര്യം ഇതുപോലെയാണ്. അനുസരണം വേണ്ടതും രക്ഷാകരവും ആണ്. എന്നാൽ നിയമം മർദ്ദകന്റെ ഉപകരണമാകുന്നിടത്ത്, നിയമ വിധേയത്വവും അനുസരണവും അല്ല, നിയമലംഘനമാണ് വേണ്ടത്. അവിടെ നിയമ വിധേയത്വം അടിമത്തവും ഭീരുത്വവും ആണ്; നിയമ ലംഘനമാണ് സുകൃതം.

23. ഭീരുക്കളാകരുത്.

അമ്മയെ അടിക്കുന്ന അച്ഛനെ തടസ്സപ്പെടുത്തുന്ന മകൻ അച്ഛനോട് സ്നേഹമില്ലാത്തവനും ധിക്കാരിയും ആകുന്നില്ല. ഒരു പാവപ്പെട്ട പെൺകുട്ടിയെ ഒരു ചെറുപ്പക്കാരൻ ബലാല്ക്കാരം ചെയ്യുവാൻ ശ്രമിക്കുന്നിടത്ത് , ശബ്ദം ഉണ്ടാക്കി അയൽക്കാരെ വിളിച്ചു വരുത്തുന്ന അവന്റെ സഹോദരി, സഹോദര സ്നേഹമില്ലാത്തവ

ളാകുന്നില്ല.

ആളുകൾ അനീതിയും അക്രമവും കാപട്യവും കാണിക്കുന്നിടത്ത്, അവരിനി നമ്മുടെ സ്വന്തക്കാരാണെങ്കിൽ കൂടി, നമ്മൾ അവരുടെ നല്ല പിള്ളകളായിരിക്കേണ്ടതില്ല.

സഭയിൽ, കാര്യങ്ങൾ നേരെ ചൊവ്വെ പോകാത്തിടത്തും, അനീതി നടക്കുന്നിടത്തും, നമ്മൾ അതിനെതിരായി പ്രതികരിക്കണം. സഭയോടുള്ള സ്നേഹത്തിന്റെ പേരിൽതന്നെയും, "ഇതൊന്നും എനിക്ക് കഴിയില്ല. ഞാനെന്തിന് മറ്റുള്ളവരുടെ അപ്രീതി നേടണം"? എന്ന് വിചാരിച്ച് നമ്മളിരിക്കരുത്; അതു ഭീരുത്വമാണ്.

24. വിഗ്രഹാരാധന വേണ്ടാ.

നമ്മുടെ കർത്താവ് യഹൂദനായിരുന്നിരിക്കെ, പ്രധാനാചാര്യനായിരുന്ന കയ്യാഫാസിന്, അവിടത്തെ മേൽ അധികാരമുണ്ടായിരുന്നു. എങ്കിലും തന്റെ പരസ്യ ജീവിതം കർത്താവ് ആരംഭിച്ചത്, കയ്യാഫാസിന്റെ അനുഗ്രഹവും അനുവാദവും വാങ്ങിയതിനുശേഷം അല്ലായിരുന്നു.

മാർപ്പാപ്പയ്ക്കു വിധേയരായിരിക്കുന്നിടത്തും, എന്തിനും എല്ലാത്തിനും, നമ്മൾ മാർപാപ്പയുടെ അനുവാദത്തിനും ആശീർവാദത്തിനും വേണ്ടി ഓടണ്ടാ.

ചിന്തിക്കാനും തീരുമാനമെടുക്കുവാനും വേണ്ടി മാർപാപ്പയ്ക്ക് മാത്രമല്ല ദൈവം തല നൽകിയിട്ടുള്ളത്. നമുക്കും അതിനു വേണ്ടി ദൈവം തലതന്നിട്ടുണ്ട്. മാർപാപ്പ ആകുന്നതോടെ ഒരാൾ പത്തു തലയും പത്തു നാവുകളും ഉള്ളവനായി തീരുന്നില്ല. ഒരു തലയും ഒരു നാവും മാത്രമേ, മാർപാപ്പയ്ക്കും ഉള്ളൂ. നമ്മളെയൊക്കെപ്പോലെ,മാർപാപ്പയും മനുഷ്യനാണ്; അതി മാനുഷനല്ല. ആരെയും നമ്മൾ വിഗ്രഹമാക്കണ്ടാ.

25. ദൈവ നിശ്ചയത്തിന് മാർജ്ജാര വശത്തോടൊപ്പം മൂഷിക വശവും ഉണ്ട്.

ഉന്നത സ്ഥാനങ്ങളിൽ ഇരിക്കുന്നവർ, അതിനി മാർപാപ്പയാകട്ടെ, അമേരിക്കൻ പ്രസിഡണ്ടാകട്ടെ, ഇൻഡ്യൻ പ്രധാനമന്ത്രിയാകട്ടെ.... സാധാരണക്കാരായ നമ്മളെയൊക്കെപ്പോലെ

മാതാപിതാക്കൻമാരിൽ നിന്ന് ജനിച്ചവരും, നമ്മൾ ശ്വസിക്കുന്ന വായു ശ്വസിക്കുന്നവരുമാണ്. ഒരു തലയും,രണ്ടു കണ്ണും,രണ്ടു ചെവിയും...മാത്രമേ അവർക്കും ഉള്ളൂ. നമുക്കുള്ളതുപോലുള്ള ആകൃതിയും പ്രകൃതിയും ആണ് അവർക്കും ഉള്ളത്. നമുക്കുള്ളതുപോലുള്ള ആശകളും, ആശങ്കകളും, ആഗ്രഹങ്ങളും, അതിമോഹങ്ങളും, ആകുലതകളും..ഉള്ളവരാണ് അവരും. നമുക്ക് പിടിപെടുന്നതുപോലെ, ജലദോഷവും, പനിയും, വയറിളക്കവും...അവർക്കും ചിലപ്പോൾ പിടിപെടുന്നു. അവരും നമ്മളെപോലെ ആഹാരം കഴിക്കണം, മലമൂത്ര വിസർജ്ജനം നടത്തണം, പല്ലുതേയ്ക്കണം, കുളിക്കണം..നമ്മളുടെ രീതിയിൽ, ഒരു പക്ഷെ, ഒരു കാലത്ത് പലചാപല്യങ്ങളും കാട്ടിയിട്ടുള്ളവരായിരിക്കാം അവർ. (പ്രസിഡൻറ് ബൊറിസ്യെൻസിൻെറയും, പ്രസിഡൻറ് ബിൽ ക്ലിൻറൻെറയും, പ്രിൻസ് ചാൾസിൻെറയും മറ്റും കാര്യം എല്ലാവർക്കും അറിയാവുന്നതാണല്ലോ)

നമുക്കുള്ളതുപോലെ മറ്റുള്ളവരെ അടക്കിഭരിക്കാനുള്ള ആഗ്രഹം ഉള്ളവരാണ് ഉന്നത സ്ഥാനങ്ങളിൽ ഇരിക്കുന്നവരും.ഓരോ തന്ത്രം ഉപയോഗിച്ച് അവർ അതിന് ശ്രമിക്കുന്നിടത്ത്, കുനിഞ്ഞ് കൊടുത്ത് നമ്മുടെ പുറത്ത് കയറി ഇരിക്കാനവരെ നമ്മൾ അനുവദിക്കരുത്. നമ്മൾ നിവർന്നു നിൽക്കണം. അപ്പോൾ ആരും നമ്മുടെ പുറത്ത് കയറുകയില്ല.

പൂച്ചകൾ, വലിയ മര്യാദക്കാരെപ്പോലെ ഇങ്ങനെ എലികളോട് പറയുന്നു എന്നിരിക്കട്ടെ. '' സ്നേഹിതരെ നിങ്ങൾക്കു വന്ദനം. എത്രയോ നാളായി നമ്മൾ ശത്രുക്കളെപ്പോലെ കഴിയുന്നു! നമുക്കിനി സമാധാനമായി സഹോദരങ്ങളെപ്പോലെ കഴിയാം. ഡയലോഗിൻെറയും എക്യുമിനിസത്തിൻേറയും ഈ കാലത്ത് ഞങ്ങൾ നിങ്ങളുടെ അടുക്കൽ സ്നേഹപൂർവ്വം ഒരു നിർദ്ദേശം വയ്ക്കുകയാണ്. ദൈവം ഞങ്ങൾക്കു നല്കിയിരിക്കുന്ന കൂർത്ത നഖങ്ങളും മൂർച്ചയുള്ള പല്ലുകളും നിങ്ങൾ ഒന്ന് ശ്രദ്ധിച്ചു നോക്കിക്കെ. ഇവ ഉപയോഗിച്ച് ഞങ്ങൾ നിങ്ങളെ പിടിച്ചു തിന്നണം എന്നുള്ളതാണ് ദൈവനിശ്ചയമെന്ന് അല്ലേ ഈ കൂർത്ത നഖങ്ങളും മൂർച്ചയുള്ള പല്ലുകളും വെളിവാക്കുന്നത്. ദൈവനിശ്ചയം അതായിരിക്കേ വളരെ വേദനയോടും മനഃപ്രയാസത്തോടും കൂടി ആണെങ്കിൽ തന്നെയും ഞങ്ങൾക്കു

നിങ്ങളെ കൊന്നു തിന്നാതിരിക്കാനാകുമോ? ദൈവനിശ്ചയം നിറവേറ്റുന്നതിനും അതേ സമയം വേണ്ടാത്ത രക്ത ചൊരിച്ചിലും ബഹളവും, ഒഴിവാക്കുന്നതിനും ആയി നമുക്ക് ഒരു ധാരണയിൽ എത്തിക്കൂടെ? ഞങ്ങൾക്ക് ആഹാരമായി നിങ്ങൾ രണ്ടോ മൂന്നോ പേർ ദിവസവും സ്വമനസ്സാലെ വരികയാണെങ്കിൽ കാര്യങ്ങൾ എത്ര എളുപ്പമാകും? ദൈവത്തിന്, കൂടുതൽ പ്രീതികരവും, നമ്മൾ രണ്ടുകൂട്ടർക്കും കൂടുതൽ രക്ഷാകരവും ആയിരിക്കും അത്. സ്നേഹിതരേ, സ്നേഹത്തിന്റെയും ഒരുമയുടേയും, ദൈവനിയോഗത്തിന്റേയും വഴി ഇനി നമുക്ക് പിൻതുടരാം. ഹല്ലേലൂയ്യാ''

പൂച്ചകളുടെ ഈ നിർദ്ദേശം സ്വീകാര്യമാണ് എന്ന് പെട്ടെന്ന് തോന്നിയാലും അതനുസരിച്ച് ഏലികൾ പ്രവർത്തിക്കരുത്. അവർ പൂച്ചകളോട് ഇങ്ങനെ പറയണം. '' പ്രിയരേ, ദൈവഹിതം നിറവേറ്റാനുള്ള നിങ്ങളുടെ താല്പര്യം ശ്ലാഘനീയം തന്നെ. എന്നാൽ ഞങ്ങൾക്ക് പറയാനുള്ളത്, ദൈവനിശ്ചയത്തിന്റെ മാർജ്ജാരവശം മാത്രമാണ് നിങ്ങൾ കണ്ടിരിക്കുന്നത്. ദൈവഹിതത്തിന് അതിന്റെ മൂഷിക വശവും ഉണ്ട്. മാർജ്ജാരൻമാർക്ക് അത് കാണാൻ എളുപ്പമല്ല. അതു കാണാൻ സാധിച്ചിട്ടില്ലാത്തതുകൊണ്ടാണ്, ഇങ്ങനെ ഒരു നിർദ്ദേശവുമായി നിങ്ങൾ മുന്നോട്ട് വന്നിരിക്കുന്നത്.

നിങ്ങൾക്ക് കൂർത്ത നഖങ്ങളും മൂർച്ചയുള്ള പല്ലുകളും, മിനുസമുള്ള പാദങ്ങളും, കായിക ബലവും തന്നിരിക്കുന്ന ദൈവം,നിങ്ങളിൽ നിന്ന് ഓടി പോകാനുള്ള കഴിവും, മണ്ണുമാന്തി മടകൾ ഉണ്ടാക്കാനും, ഞങ്ങളെ പിടിക്കാൻ അതിനകത്തു നിങ്ങൾ കയറുമ്പോൾ, മട, മണ്ണുകൊണ്ടടച്ച്, നിങ്ങളെ ജീവനോടെ മൂടിക്കളയാനും സഹായകമായ മുക്കും, നിങ്ങളെക്കാൾ സന്താനശേഷിയും സംഖ്യാബലവും ഞങ്ങൾക്കു നൽകിയിട്ടുണ്ട്. ആ സ്ഥിതിക്ക്, അടിമകളെപോലെ നിങ്ങൾക്ക്, ഞങ്ങൾ സ്വന്തം മനസ്സാലെ ആഹാരമായി സമർപ്പിക്കുന്നത് ഒരിക്കലും ശരിയായിരിക്കുകയില്ല. അങ്ങനെ ഞങ്ങൾ ചെയ്താൽ അത് ദൈവഹിതത്തിന് നിരക്കാത്ത കാര്യമായിരിക്കും. അക്രമരാഹിത്യത്തിലും, ദൈവഹിതം നിറവേറ്റുന്നതിലും ഉള്ള നിങ്ങളുടെ താൽപര്യം ഞങ്ങൾ ആദരിക്കുന്നു. എങ്കിലും, ഇതിന്റെ ഒക്കെ പേരിൽ ഞങ്ങളെ വിഡ്ഢികളാക്കാൻ നിങ്ങൾ നോക്കണ്ടാ. അക്രമരാഹിത്യത്തിനും സമാധാനത്തിനും

വേണ്ടിയാണെങ്കിൽ കൂടി, ഞങ്ങൾ ഒരിക്കലും ഭീരുക്കളാകുകയില്ല. നിങ്ങളുടെ ഹല്ലേലൂയ്യാ വിളികേട്ട് ഞങ്ങൾ വഞ്ചിതരാവുകയില്ല.''

വളരെക്കാലമായി ദൈവഹിതത്തിന്റെ മാർജ്ജാര വംശത്തെപ്പറ്റി മാത്രമാണ് നമ്മൾ കേട്ടിട്ടുള്ളത്. ഇനി, ദൈവഹിതത്തിന്റെ മൂഷികവശവും കൂടി നമുക്കു കാണാം.

26. സ്വേച്ഛാധിപത്യപരം.

സ്വേച്ഛാധിപത്യമല്ല, ജനാധിപത്യമാണ് വേണ്ടതെന്ന് സഭാധികാരികൾ പറയും. എന്നാൽ സഭയിൽ ഒട്ടും തന്നെ ജനാധിപത്യം നിലവിലില്ല എന്നതല്ലേ സത്യം? സഭയിൽ ഭരണം സ്വേച്ഛാധിപത്യപരമാണ്. കാനൻ നിയമമനുസരിച്ച്, നിയമങ്ങൾ ഉണ്ടാക്കാനും,വ്യാഖ്യാനിക്കാനും, നടപ്പാക്കാനും മെത്രാന് അധികാരം ഉണ്ട്; ആർക്കും അദ്ദേഹത്തെ ചോദ്യം ചെയ്യാനോ വിമർശിക്കാനോ പാടില്ല.

സമൂഹത്തിൽ സ്ത്രീകൾ അനുഭവിക്കുന്ന അസമത്വത്തെപ്പറ്റി, അടിമത്തത്തെപ്പറ്റി, സഭ പറയാറുണ്ട്. അതേ സമയം സഭയിൽ സ്ത്രീകൾക്ക് എന്തവകാശമാണുള്ളത്? അവരുടെ സ്വരം ആരെങ്കിലും കേൾക്കാറുണ്ടോ? അധികാരത്തിന്റെ അകത്തളങ്ങൾക്കു പുറത്താണ്, സ്ത്രീകൾക്ക്, സഭയിൽ ഈ 20-ാം നൂറ്റാണ്ടിലും സ്ഥാനം.

സഭയിൽ ഭരണം പുരുഷൻമാരുടെ കൈയിൽ ആണ്. സഭ, സ്വാതന്ത്ര്യത്തെയും, സമത്വത്തെയും, സാഹോദര്യത്തെയും പറ്റി പറയും. എങ്കിലും സഭയിൽ ഇന്ന് ഇതു വല്ലതും ഉണ്ടോ? ആദിമ സഭയിൽ ഉണ്ടായിരുന്നു, അതു ശരി. ഇന്ന് മെത്രാൻമാർ ഇടയൻമാരും ആളുകൾ ആടുകളും ആണ്. ഇടയൻമാരും ആടുകളും തമ്മിൽ എന്തു സാഹോദര്യവും, സമഭാവനയും സമത്വവും ഉണ്ടാകാനാണ്?

രണ്ടാം വത്തിക്കാൻ കൗൺസിൽ അനുസരിച്ച് വ്യക്തിസഭകൾ അവയുടെ തനിമയിൽ സ്വയം ഭരണവും, പാരമ്പര്യവും കാത്തു സൂക്ഷിക്കേണ്ടവയാണ്. എന്നാലും, പ്രയോഗത്തിൽ, ഇതൊക്കെ റോമാ നിശ്ചയിക്കുന്നതുപോലെ മാത്രമേ പാടുള്ളൂ.

27. കുയിൽ കാക്കയേ അനുകരിക്കണ്ടാ

കാക്കയുടെ കൂട്ടിലാണ് കുയിൽ മുട്ടയിടുന്നത്. കാക്കയാണ്, മുട്ട

വിരിഞ്ഞുണ്ടാകുന്ന കുയിലിന്റെ കുഞ്ഞുങ്ങളെ പരിരക്ഷിക്കുന്നതും. എന്നിരുന്നാലും, ''നിങ്ങളെ സംരക്ഷിക്കുന്നതു ഞാനാണ്. എന്റെ രീതിയിൽ വേണം നിങ്ങൾ ശബ്ദിക്കാൻ. കുയിലിന്റെ രീതിയിൽ നിങ്ങൾ പാടുകയൊന്നും വേണ്ട. അതു കേൾക്കുന്നത്, എനിക്കു അരോചകമാണ്.'' എന്ന്, കാക്ക കുയിലിന്റെ കുഞ്ഞുങ്ങളോടു പറയരുത്. കാക്ക പരിരക്ഷിക്കുന്നിടത്തും, കുയിലിനെപ്പോലെ പാടി, കുയിലായി വളരേണ്ടവയാണ് അവ.

ഇതുപോലെ, റോമൻ തിരുസംഘങ്ങൾ, സാമ്പത്തികമായി നമ്മുടെ പിതാക്കൻമാരെ കുറെയൊക്കെ സഹായിക്കുന്നുണ്ടെങ്കിൽ കൂടി, ഒരു റൊട്ടിയൊ, അല്പം ഭക്ഷണമൊ ജൻമിയിൽ നിന്നും ലഭിക്കുന്നിടത്ത്, ''അവിടുന്ന് എന്റെ ഭഗവാനാണ്, ഞാൻ അങ്ങെ പൈതലാണ് ....'' എന്നെല്ലാം പറയാറുള്ള ബീഹാറിലെ പാവപ്പെട്ട ദളിതരുടെ രീതിയിൽ , അവരുടെ അടുത്ത് നമ്മുടെ മെത്രാൻമാർ ഓച്ഛാനിച്ചു നിൽക്കണ്ടാ. തങ്ങളുടെ ക്രൈസ്തവവും മാനുഷികവും ആയ മഹത്വത്തെപ്പറ്റിയുള്ള ബോധ്യമുള്ളവരായിരിക്കട്ടെ നമ്മുടെ പിതാക്കൻമാർ.

28. സഹായിക്കുന്നു, എന്നുവച്ച്

പൂച്ചയും പട്ടിയും, പശുവിന്റെ പാൽ കുടിക്കുന്നിടത്ത്, ''എന്നെപ്പോലെ പുല്ലു തിന്നാമെങ്കിലേ നിങ്ങൾക്കിനി എന്റെ പാൽ ഉള്ളൂ'' എന്ന് പശു അവരോടു പറയാൻ പാടില്ല. പശുവിനു കുടിക്കാനുള്ളതല്ല മറ്റുള്ളവർക്കു കുടിക്കാനുള്ളതാണ് പശുവിന്റെ പാല്.

പൌരസ്ത്യ തിരുസംഘം നൽകുന്ന സാമ്പത്തികസഹായത്തിന്റെ പേരിൽ, നമ്മുടെ മെത്രാൻമാർ അവർക്കു തീർത്തും വിധേയരായിരുന്നു കൊള്ളണമെന്നില്ല. നമുക്കുവേണ്ടി എന്നതിലേറെ ദൈവം നമുക്കു നൽകിയിരിക്കുന്ന കഴിവുകൾ മറ്റുള്ളവർക്ക് വേണ്ടി ഉള്ളവയാണ്. സ്വന്തം പാൽ കുടിക്കുന്ന പശുവിനെ കൃഷിക്കാരൻ അധികം നാൾ വീട്ടിൽ നിർത്തുകയില്ല; കശാപ്പിനു കൊടുക്കുന്നതായിരിക്കും.

29. അടിമപ്പെടുത്തുന്ന സഹായം.

ചെടികൾക്ക് വെള്ളം അവശ്യം വേണമെന്നിരുന്നാലും, ഉയരത്തിൽ നിന്ന് ഒരു ചെടിക്ക് വെള്ളം ഒഴിച്ചു കൊടുക്കുന്നിടത്ത്, അതിന്റെ ചുവടിളകിപ്പോകുന്നു. ഉന്നതത്തിൽ നിന്നുള്ള, നമ്മളെ തുല്യരായി പരിഗണിക്കാതെയുള്ള വിദേശസഹായത്തിന്റെ കാര്യം ഇതുപോലെയാണ്. അത് ഉപകാരപ്രദമെന്നതിലും ഏറെ ഉപദ്രവകരമാണ്. പലപ്പോഴും, നമ്മളെ അവരുടെ സഹായത്തിന്റെ പരസ്യ ബോർഡുകളാക്കി കൊണ്ട്, നമ്മളെ അവർ നാണം കെടുത്തുന്നു; ആത്മവിശ്വാസവും തന്റേടവും ഉള്ള മനുഷ്യരായി വളരുന്നതിൽ നിന്ന് നമ്മളെ പിന്തിരിപ്പിക്കുന്നു.

നമ്മുടെ നെറ്റിയിലെ വിയർപ്പുകൊണ്ടു നേടുന്ന കഞ്ഞിയാണ്, ഭിക്ഷയായി കിട്ടുന്ന പായസത്തെക്കാൾ കൂടുതൽ ആരോഗ്യപരം, ആസ്വാദ്യകരം. ഒരു പാത്രം പായസത്തിനു വേണ്ടി, ഏശാവ് തന്റെ ജ്യേഷ്ഠസ്ഥാനം യാക്കോബിനു പണയപ്പെടുത്തിയതുപോലെ (cf. ഉല്പത്തി 25/30-33) ചെറിയലാഭത്തിനു വേണ്ടി നമ്മൾ പലപ്പോഴും വലിയ കാര്യങ്ങൾ പണയപ്പെടുത്തുകയാണ്.

ഭക്ഷണം വാരിക്കൊടുത്തു തീറ്റിക്കുന്ന ജ്യേഷ്ഠന്റെ കൈ തട്ടിമാറ്റിയിട്ട് തനിയെ വാരിത്തിന്നാൻ ശ്രമിക്കുന്ന മൂന്നു വയസ്സുകാരനായ അനുജന്റെ രീതിയിൽ, ഇങ്ങനെയുള്ള സഹായം, ഒരളവുവരെ, നമ്മൾ വേണ്ടന്നു വയ്ക്കുന്നതാണ്, നമ്മുടെ വളർച്ചയ്ക്കു നല്ലത്.

എപ്പോഴും ജ്യേഷ്ഠൻ വാരിക്കൊടുത്തു തീറ്റിക്കുന്ന അനുജൻ, തനിയെ തിന്നാൻ പഠിക്കുകയില്ല; അവന്റെ വളർച്ച മുരടിച്ചു പോകുന്നതായിരിക്കും.

30. അധികാരത്തിനു ഹൃദയമില്ല.

സമ്പത്തിന്റെയും സ്ഥാനമഹിമകളുടെയും രീതിയിൽ, അധികാരത്തിനും ഹൃദയമില്ല; അതും താമസികമാണ്. ഭൗതിക പദാർത്ഥങ്ങൾക്കുള്ള ഇനേർഷ്യ (inertia) അതിനുമുണ്ട്. ന്യൂട്ടന്റെ നിയമപ്രകാരം ബാഹ്യസമ്മർദ്ദമുണ്ടെങ്കിലേ അത് അനങ്ങുകയുള്ളൂ.

ഇസ്രായേൽക്കാരുടെ കഷ്ടപ്പാടുകളും ബുദ്ധിമുട്ടും അടിമത്തവും കണ്ടിട്ട്, ഈജിപ്തിലെ ഫറവോയ്ക്ക് ഒട്ടും ഹൃദയ അലിവു

ണ്ടായില്ല. യഹോവായുടെ കല്പന പ്രകാരം, അനേകം അത്ഭുതങ്ങൾ മോശ പ്രവർത്തിച്ചിട്ടും, ഇസ്രായേൽ മക്കളെ ഈജിപ്തിൽ നിന്നു വിടാൻ ഫറവോ തയ്യാറായില്ല. അവസാനം, ഈജിപ്തിലെ ആദ്യജാതൻമാരെല്ലാം നിഗ്രഹിക്കപ്പെട്ടപ്പോൾ മാത്രമാണ്, അവിടെ നിന്നു പോകാൻ ഫറവോ അവരെ അനുവദിച്ചത്.

ഈജിപ്തിൽ നിന്നു പോകുന്ന അവരെ, വീണ്ടു വിചാരമുണ്ടായതനുസരിച്ച്, ഫറവോ സൈന്യവുമായി പിഞ്ചെല്ലുന്നു. ദൈവികമായ ഇടപെടൽ കാരണം, അദ്ദേഹവും സൈന്യവും ചെങ്കടലിൽ മുങ്ങിച്ചകാനിടയായതുകൊണ്ടു മാത്രമാണ്, ഇസ്രായേൽ മക്കൾക്കു സമാധാനമായി കാനാൻ ദേശത്തേയ്ക്ക് പോകാ നാകുന്നത്.

നമ്മുടെ കണ്ണുനീരും, സങ്കടവും, നിവേദനങ്ങളും കൊണ്ട് റോമൻ കൂരിയയിലെ ഉദ്യോഗസ്ഥൻമാർക്ക് ഹൃദയ അലിവുണ്ടാകുമെന്ന് എനിക്കു തോന്നുന്നില്ല. സമ്മർദ്ദമുണ്ടായെങ്കിലേ അവർക്കു മനം മാറ്റമുണ്ടാകുകയുള്ളു.

31. കണ്ണുനീരു കൊണ്ടു മാത്രം ആയില്ല.

ക്രിസ്ത്യാനികൾ എന്ന നിലയ്ക്ക് എല്ലാ മനുഷ്യരും ദൈവത്തിന്റെ മക്കളാണെന്നും, ആർക്കും ആരെയും അടക്കി ഭരിക്കാൻ അവകാശമില്ലെന്നും അറിയാമായിരുന്നവരാണ് ഇംഗ്ലീഷുകാർ. ഈ ബോധ്യം അനുസരിച്ചും, ദൈവസ്നേഹത്തെ പ്രതിയും ഒന്നുമല്ല അവർ നമുക്ക് സ്വാതന്ത്ര്യം തന്നത്. മഹാത്മാഗാന്ധിയുടെ നേതൃത്വത്തിൽ ഒരു നീണ്ട സമരം നമ്മൾ നടത്തിയതുകൊണ്ടാണ് നമുക്ക് സ്വാതന്ത്ര്യം ലഭിക്കാനിടയായത്.

സ്വതന്ത്ര ഇൻഡ്യയിൽ, താത്വികമായി, നിയമപ്രകാരം, സ്ത്രീകൾ ഒരു തരത്തിലും പുരുഷൻമാരെക്കാൾ താഴ്ന്നവരല്ല. തന്നെയുമല്ല, സ്ത്രീ, പുരുഷന്റെ ഉത്തമഭാഗം (better half) ആണ് എന്നും ആണ് വയ്പ്.

എന്നാലും, പ്രായോഗികമായി, സ്ത്രീ, ഒരു വിധത്തിൽ വില്പനചരക്കും, ഉപഭോഗവസ്തുവും ....ആണ് ഇന്നും. സ്ത്രീകളുമായി അധികാരം പങ്കുവയ്ക്കുവാൻ ഇന്നും പുരുഷൻമാർ വിമുഖരാണ്; എല്ലാ തീരുമാനങ്ങളും, സ്ത്രീകളെ സംബന്ധിക്കുന്നവ തന്നെയും,

കുടുംബത്തിലും സമൂഹത്തിലും രാഷ്ട്രത്തിലും എടുക്കുന്നത്, മിക്കവാറും പുരുഷൻമാരാണ്.

സഖിയും, സ്നേഹിതയും ആയി പുരുഷനു ദൈവം നൽകിയ സ്ത്രീയെ ഉപഭോഗവസ്തുവും, ഉപകരണവും, അടിമയും ആക്കാനാണ് പുരുഷൻ ശ്രമിച്ചിട്ടുള്ളത്. തങ്ങളുടെ അവകാശങ്ങളെപ്പറ്റി ബോധ്യമുണ്ടായി, പുരുഷൻമാരിൽ നിന്ന് സമ്മർദ്ദവും ബലവും ചെലുത്തിയാണെങ്കിലും, അവ വാങ്ങിക്കാൻ ഇന്ന് സ്ത്രീകൾ മുന്നോട്ടു വന്നിരിക്കുന്നതു കൊണ്ടാണ്, അവരുമായി കുറെയെല്ലാം അധികാരവും അവസരവും പങ്കിടാൻ പുരുഷൻമാർ തയ്യാറായിരിക്കുന്നത്.

കത്തോലിക്കാ സഭയിൽ വ്യക്തിസഭകൾക്ക് സ്വയംഭരണാവകാശം ഉണ്ടെന്നാണ് വയ്പ് എന്നിരുന്നാലും, പ്രായോഗികമായി ഈ സഭകളെ, വിശിഷ്യ സീറോ മലബാർ സഭയെ അടക്കി ഭരിക്കാനാണ് ലത്തീൻ സഭ ശ്രമിച്ചിട്ടുള്ളത്. നമ്മുടെ കണ്ണുനീർ അവർ കാണുന്നില്ല. ഇവിടെ നിന്നു നമ്മൾ അയയ്ക്കുന്ന നിവേദനങ്ങൾ അവർ കുപ്പത്തൊട്ടിയിൽ കളയുന്നു എന്നു വേണം കരുതാൻ. ഈ കാര്യത്തിൽ, മാർപ്പാപ്പയെ ഭക്ത്യാദരപുരസ്സരം സന്ദർശിച്ച്, ഇവിടുത്തെ സഭാമക്കളുടേതായ ഒരു നിവേദനം സമർപ്പിക്കുന്നതിനുവേണ്ടി വളരെ ബുദ്ധിമുട്ടുകൾ സഹിച്ച്, റോമിലെത്തിയ കരിയാറ്റിൽ ജോസഫ് മെത്രാപ്പോലീത്തായോടും പാറേമാക്കൽ ഗോവർണ്ണദോരച്ചനോടും, തീരെ സൗമനസ്യം കാണിക്കാതെ, അലക്ഷ്യമായി, ''ആ കടലാസ് ആ മോൺസിഞ്ഞോറെ ഏൽപ്പിക്ക് '' എന്നു പറഞ്ഞ മാർപ്പാപ്പയുടെ രീതിയാണ് റോമൻ അധികാരികൾ ഇന്നും സ്വീകരിക്കുന്നത്.

കണ്ണുനീരൊഴുക്കിക്കൊണ്ടും നിവേദനങ്ങൾ അയച്ചുകൊണ്ടും മാത്രം ഇരിക്കാതെ വിയർപ്പും രക്തവും ചിന്താനും വേണ്ടിവന്നാൽ മരിക്കാനും നമ്മൾ തയ്യാറായെങ്കിലേ നമുക്കു ശരിയായ സ്വാതന്ത്ര്യം ലഭിക്കുകയുള്ളൂ.

അടിമത്തത്തിലേയ്ക്ക് ഊർന്നിറങ്ങാൻ എത്രയോ എളുപ്പം! സ്വാതന്ത്ര്യം നേടുന്നതാകട്ടെ എത്രയൊ ശ്രമകരം! ഒരു കിണറ്റിലേയ്ക്ക് അനായാസം എടുത്തുചാടാം. അവിടെ നിന്നു കരകയറുക വിഷമം പിടിച്ചകാര്യമാണ്.

ഈജിപ്തിൽ, സന്തോഷമായി, സമാധാനമായി ജീവിക്കാനാകും എന്ന വിചാരത്തോടുകൂടിയാണ് യാക്കോബും മക്കളും അവിടേയ്ക്കു പോയത്. അവർക്ക് അവിടെ ആദ്യം നല്ല സ്വീകരണം ലഭിച്ചു എങ്കിലും, പിന്നീട് ഈജിപ്തുകാർ അവരെ അടിമകളാക്കി. യഹോവയുടെ പ്രത്യേക സഹായം കൊണ്ടു മാത്ര മാണ് മോശയുടെ നേതൃത്വത്തിൽ ഈജിപ്തിലെ അടിമത്തത്തിൽ നിന്നു രക്ഷപെടാൻ അവർക്കു കഴിഞ്ഞത്.

സീറോ മലബാർ സഭ ഒരു പുറപ്പാടിനു തയ്യാറാകേണ്ടിയിരിക്കുന്നു. മസ്തിഷ്കപ്രക്ഷാളനം കാരണം, സ്വർഗ്ഗരാജ്യത്തിനുള്ള അച്ചാരമായി, നമ്മളിൽ അനേകരും ഇന്നും കാണുന്ന അടിമത്തത്തിൽ നിന്നും നമ്മളെ രക്ഷിക്കാൻ, ദൈവം നമുക്കൊരു മോശയെ അയയ്ക്കട്ടെ; നമുക്കു പ്രാർത്ഥിക്കാം.

നസറാണി ആണ്
കൽദായ അല്ല.

''ഞാൻ വിശ്വപൗരനാണ്'' എന്നു പറയുന്ന ആൾക്കും കട്ടിലിലേ കിടന്നുറങ്ങത്തുള്ളൂ. കട്ടിലിൽ മൂട്ട ഉണ്ടെങ്കിൽ, അയാൾക്ക് ഉറങ്ങാൻ ആവില്ല.

''സർവ്വസംഗ പരിത്യാഗി''കൾക്കും മാതാപിതാക്കൻമാരുടെ മുഖച്ഛായ ഉണ്ടായിരിക്കെ, അവരോടുള്ള തങ്ങളുടെ ബന്ധം അംഗീകരിക്കാതിരുന്നാൽ അതു ശരിയായിരിക്കുകയില്ല.

സ്നേഹവായ്പോടെ, അതേസമയം വേദനയോടെ, സാധു ഇട്ടിയവിരാ, ഉറക്കെ ചിന്തിക്കുകയാണ് സീറോമലബാർ സഭയെപ്പറ്റി.

Published and distributed by
Liturgical Action Committee.
Muvattupuzha
Kerala, India 686 691

Price: Rs. 10/-

19